# വചന ഗാനങ്ങൾ



**നിർമ്മലാ റിട്രീററ് സെൻറർ**

**കുളത്തുവയൽ**

**കായണ്ണ—673 526**

**ചക്കിട്ടപ്പാറ, ഫോൺ- 04961-62228**

# വചന ഗാനങ്ങൾ

For Private Circulation only

# ഗാനസൂചിക


| നമ്പർ | | പേജ് നമ്പർ |
|---|---|---|
| 16 | അലകടൽ താരം നീ മരിയ... | 11 |
| 39 | അരുൾ ചെയ്യു നാഥാ ദാസർ... | 29 |
| 47 | അനന്ത സ്നേഹത്തിൻ ആശ്രയം... | 35 |
| 65 | അനുഗ്രഹത്തിൻ അധിപതിയെ... | 51 |
| 71 | അരൂപിയാൽ നിറയാൻ കവിയാൻ... | 56 |
| 103 | അനുതപിച്ചീടുവിനെല്ലാരും,... | 81 |
| 104 | അതിരുകളില്ലാത്ത സ്നേഹം... | 82 |
| 120 | അർപ്പണം അർപ്പണം ആത്മാർപ്പണം... | 93 |
| 123 | അരൂപിയാൽ നിറഞ്ഞു പാടിടാം... | 95 |
| 124 | അൾത്താരയിൽ ആത്മബലിയായ്... | 97 |
| 13 | ആത്മാർപ്പണത്തിനായ് വരുന്നിതാ... | 9 |
| 22 | ആരാധനയുടെ നിമിഷങ്ങളിൽ... | 16 |
| 26 | ആദിയിലെ വചനമേ മാംസമായ... | 18 |
| 31 | ആത്മാവിൽ നിറയുന്ന സങ്കീ... | 22 |
| 45 | ആരാധിച്ചീടാം കുമ്പിട്ടാരാധി... | 34 |
| 49 | ആത്മസന്തോഷം കൊണ്ടാനന്ദി... | 37 |
| 64 | ആന്തരീക സൗഖ്യമേകാൻ നീ... | 49 |
| 69 | ആഴങ്ങൾ തേടുന്ന ദൈവം...... | 54 |
| 80 | ആകാശത്തിൻ കീഴിൽ വേറൊരു... | 63 |
| 105 | ആശ്വാസത്തിൻ ഉറവിടമാം... | 82 |
| 114 | ആരാധന ആരാധന... | 89 |
| 127 | ആരാധിക്കുന്നേൻ ഞങ്ങൾ... | 98 |

| | | |
|---|---|---|
| 147 | ആരതി ആരതി ആരാധന... | 116 |
| 150 | ആരാധന സ്തുതി... | 119 |
| 20 | ഈശോയെൽ കണ്ണീരൊപ്പാൻ... | 14 |
| 29 | ഈശനെ വാഴ്ത്തി പാടിടാം... | 21 |
| 36 | ഇനിമേൽ നിൻ പാപം ഞാൻ... | 26 |
| 38 | ഈശോ ഞാനെൻ ഹൃദയം... | 28 |
| 122 | ഈശോ എന്നെ സ്നേഹിക്കുന്നു... | 94 |
| 106 | ഈശോ എന്നെ സ്പർശിച്ചു... | 83 |
| 143 | ഇത്രനാളും ഞാൻ മറന്ന സത്യം... | 113 |
| 121 | ഉന്നതനേ പരിശുദ്ധാത്മാ... | 94 |
| 128 | ഉണർവിൻ വരം ലഭിപ്പാൻ... | 100 |
| 21 | എന്റെ കൈവിലങ്ങഴിഞ്ഞു... | 15 |
| 43 | എനിക്ക് വേണ്ടത് നിന്നെയാണ്... | 32 |
| 58 | എൻ പിതാവിൻ ഭവനത്തിൽ... | 44 |
| 59 | എന്നേശുവേ നീ എത്ര നല്ലവൻ... | 45 |
| 60 | എന്റെ പാപങ്ങളേററവനേ... | 46 |
| 72 | എല്ലാ സ്നേഹത്തിനും... | 57 |
| 107 | എൻ ജീവിതത്തിൻ തകർച്ച... | 84 |
| 119 | എല്ലായ്പ്പോഴും എല്ലാ കാര്യ... | 93 |
| 7 | ഏറേററു ചൊല്ലുന്ന പാപങ്ങൾ... | 4 |
| 129 | ഒരുനാളും നിൻ വീഴ്ചകളിനി... | 101 |
| 17 | കണ്ണീരെണ്ണി കാര്യമായെന്നെ... | 12 |
| 32 | കരകവിഞ്ഞൊഴുകീടും സ്നേഹം... | 23 |
| 48 | കണ്ണീരെല്ലാം തുടച്ചീടുവാൻ... | 36 |
| 92 | കർത്താവിലെന്നും എന്റെ ... | 72 |
| 96 | കർത്താവെന്നെ കൈവെടിയില്ല... | 76 |
| 98 | കയ്യടിച്ചു പാടിടാം... | 77 |

| | | |
|---|---|---|
| 99 | കർമ്മലസുമമേ നിർമ്മലസുമമേ... | 78 |
| 130 | കൈകൾ കൂപ്പിടാം... | 102 |
| 54 | കുടുംബം സ്വർഗ്ഗീയ പൂങ്കാവനം... | 41 |
| 10 | ജീവിതത്തോണി തുഴഞ്ഞുതുഴഞ്ഞു... | 7 |
| 35 | ജീവനുള്ള നാഥനായ് ചെവി... | 26 |
| 131 | ജീവിതമങ്ങേ തൃപ്പാദത്തിൽ... | 103 |
| 61 | ഞാനെന്നും സ്തുതിക്കും... | 46 |
| 3 | തൃക്കൈകളിൽ പൂജ്യ... | 2 |
| 56 | തന്നാലും നാഥാ ആത്മാവിനെ... | 43 |
| 142 | ത്രിത്വൈക ദൈവമേ... | 112 |
| 132 | ദിവ്യവചസ്സുകൾ... | 103 |
| 6 | ദൈവസ്നേഹം വർണ്ണിച്ചിടാൻ... | 4 |
| 14 | ദൈവപിതാവേ സ്തുതിക്കുന്നു... | 10 |
| 19 | ദൈവവചനം നിർമ്മലവചനം... | 13 |
| 44 | ദൈവാത്മാവിൻ ആലയ... | 33 |
| 62 | ദൈവകൃപയിൽ ഞാനാശ്രയിച്ച്... | 47 |
| 68 | ദൈവമേ നിന്റെ... | 53 |
| 94 | ദൈവസ്നേഹം നിങ്ങളില്... | 74 |
| 117 | ദൈവം നമ്മുടെ ദൈവം... | 91 |
| 133 | ദൈവം നമ്മുടെ കൂടെ... | 104 |
| 134 | ദൈവത്തിൻ വാഗ്ദാനമാം... | 105 |
| 144 | ദൈവ സന്നിധൗ ഞാൻ സ്തോത്രം... | 114 |
| 135 | ദൈവമേ അങ്ങേ സ്നേഹിക്കുന്നു... | 106 |
| 8 | നിത്യപിതാവിൻ മുമ്പിൽ... | 5 |
| 37 | നന്മ നിറഞ്ഞവളേ സ്തോത്രം... | 27 |
| 63 | നാഥാ ശിഷ്യഗണത്തിന്മേൽ... | 48 |
| 66 | നന്ദി ദൈവമേ നന്ദി ദൈവമേ... | 51 |

| | | |
|---|---|---|
| 86 | നമ്മുടെ ദൈവമിതാ നമ്മോടു... | 69 |
| 87 | നാഥാ സമർപ്പിക്കുന്നു എന്നെ... | 69 |
| 88 | നിർമ്മലമായൊരു ഹൃദയമെന്നിൽ... | 70 |
| 89 | നിൻദാനം ഞാൻ അനുഭവിച്ചു... | 70 |
| 97 | നമ്മനേരും അമ്മ വിണ്ണിൻ... | 76 |
| 145 | നിൻ ഗേഹത്തിൽ വാഴുന്നതി... | 115 |
| 146 | നിൻ സന്നിധി മതി... | 116 |
| 148 | നന്ദി പറഞ്ഞു നമിക്കുന്നു... | 117 |
| 2 | പരിശുദ്ധാത്മാവേ നീ വന്നീ... | 2 |
| 18 | പാടാം സ്തുതിപാടാമെൻ... | 12 |
| 23 | പതിനായിരം പാട്ടുകളാലെ... | 16 |
| 34 | പാടുവിൻ പാടുവിൻ മാനവരേ... | 25 |
| 42 | പരിശുദ്ധാരൂപിയെ... | 31 |
| 74 | പാവനാത്മൻ ദൈവമെന്നെ... | 58 |
| 115 | പരിശുദ്ധാത്മാവിൻ... | 89 |
| 136 | പരമപിതാവിനുസ്തുതി... | 107 |
| 137 | പാടുക പാടുക നവഗീതം... | 108 |
| 67 | പെററമ്മയേക്കാൾ... | 52 |
| 27 | പ്രഭാതത്തിലുണർന്നു... | 19 |
| 50 | പ്രഭാതത്തിലെന്നെ... | 38 |
| 52 | ബലിവേദിയിൽ ബലിയേകു... | 39 |
| 55 | ബലവാനായ ദൈവമേ... | 42 |
| 4 | മരിയെ തായേ ജയ്... | 3 |
| 24 | മനസ്സാകുമോ നാഥാ... | 17 |
| 28 | മലകൾ മാറിയകന്നു... | 20 |
| 33 | മാമരചില്ലകളേ പാടൂ... | 24 |
| 101 | മനുഷ്യാ നീ ലോകമഖിലം... | 80 |
| 125 | മനസ്സിൽ മുറിവുകൾ സ്നേഹം.... | 96 |

| | | |
|---|---|---|
| 138 | മടങ്ങി വരുന്ന ഞാൻ... | 109 |
| 5 | യേശുവേ നീ വരൂ എൻ... | 3 |
| 11 | യേശു (2) യേശുവേ... | 8 |
| 25 | യേശുവേ സ്തോത്രം... | 18 |
| 30 | യേശുവേ സ്നേഹമേ... | 22 |
| 46 | യേശുവേ വരൂ രക്ഷകാ... | 34 |
| 57 | യേശുക്രിസ്തു ഇന്നും... | 43 |
| 82 | യേശുവേയെൻ ജീവനേ... | 65 |
| 83 | യേശു എന്നൊരു മധുരനാമ... | 66 |
| 84 | യേശു നല്ലവൻ അവൻ... | 67 |
| 85 | യേശുവേ രക്ഷാദായക... | 68 |
| 93 | യേശു എത്ര നല്ലവൻ എത്ര... | 73 |
| 112 | യേശുവിൻ മാധുര്യമേറും... | 87 |
| 113 | യേശുവേ, എൻ ദൈവമേ... | 38 |
| 116 | യേശുവോടു ചേർന്നിരിപ്പതെത്ര... | 90 |
| 77 | രക്ഷകനേശുവേ എന്നിൽ... | 61 |
| 1 | വാഴ്ത്തിടുന്നു നാഥനേ... | 1 |
| 9 | വരുകാത്മരൂപാ കരുണാത്മ... | 6 |
| 15 | വരപ്രസാദകാലം... | 11 |
| 70 | വൻപാപഭാരത്താൽ... | 55 |
| 102 | വചനനാളമായ് വരികസ്നേഹരൂപാ | 80 |
| 111 | ശത്രുസ്നേഹം ക്രിസ്തുവിൻെറ... | 87 |
| 40 | സന്തോഷമായിരിപ്പിൻ... | 29 |
| 41 | സങ്കീർത്തനങ്ങൾ നീതിമാനെ... | 30 |
| 51 | സന്തോഷം സന്തോഷം ആത്മാ... | 38 |
| 73 | സീയോൻ യാത്രയതിൽ... | 57 |
| 90 | സർവ്വവും യേശുനാഥനായ്... | 71 |

| | | |
|---|---|---|
| 100 | സൃഷ്ടികളെ സ്തുതിപാടുവിൻ... | 79 |
| 108 | സ്വർഗ്ഗനാട്ടിലെൻ പ്രിയൻ... | 85 |
| 109 | സംപൂജ്യ സർവ്വകൃപാവരനെ... | 85 |
| 110 | സത്യ വചനമേ നിത്യ... | 86 |
| 139 | സമർപ്പണത്തിൻ സമയമായി... | 110 |
| 12 | സ്നേഹമേ നിൻ കൃപതൻ... | 9 |
| 75 | സ്നേഹമായ ദൈവമേ | 59 |
| 79 | സ്തുതിപ്പിൻ സ്തുതിപ്പിൻ നന്മ... | 62 |
| 81 | സത്യദൈവ സൂനുവേ... | 64 |
| 91 | സ്നേഹപിതാവിൻ ഭവനമിതിൽ... | 72 |
| 118 | സ്നേഹരഹിതമാം ലോക... | 92 |
| 140 | സ്നേഹതാതാ സ്വർഗ്ഗതാതാ... | 110 |
| 141 | സോദരങ്ങളെ സദാ... | 111 |
| 53 | ഹൃദയപൂർവ്വം ക്ഷമിക്കുവാൻ... | 40 |
| 76 | ക്ഷമിക്കുന്ന സ്നേഹം... | 60 |
| 78 | റൂഹയിൽ ഞാൻ സ്നാനം... | 62 |
| 95 | ലോകമെങ്ങുമേ പോകുവിൻ... | 75 |
| 149 | ലോകം മുഴുവൻ സുവിശേഷ... | 118 |

## 1

വാഴ്ത്തിടുന്നു നാഥനെ രാജാധിരാജനെ
കർത്താവാം യേശു രാജനെ ഹാലേലൂയ്യ (2)

ശാന്തമായ് ഉറങ്ങുന്ന കർത്താവിൻ
കൈകളിൽ
ഉണരും ഉന്മേഷത്തിൻ പുലരിപൂവൊളി
യിൽ
കർത്താവെൻ രക്ഷകൻ കർത്താവെൻ
കോട്ടയും
പാടും നിൻ പുകളെന്നും ഉച്ചത്തിൽ
ഹാലേലൂയ്യ വാഴ്ത്തിടുന്നു...

തളരും നേരത്തിലും നെടുവീർപ്പുയരുമ്പോൾ
എന്നുള്ളിൽഅസ്വാസ്ഥ്യങ്ങൾ ഉയരുംവേളയിലും
കർത്താവെൻ യാചനയും കേൾക്കുന്നു രോദനവും
പാടും നിൻപുകളെന്നും ഉച്ചത്തിൽ ഹാലേലൂയ്യ
വാഴ്ത്തിടുന്നു...

കൂടുവിട്ടലയുന്ന പക്ഷിപോൽ നാഥാ നിന്റെ
വീടുവിട്ടകലുന്നു തെററുകൾ ചെയ്തിടുമ്പോൾ
പശ്ചാത്താപത്തോടെ നിൻ അരികിൽ വന്നീ
ടുമ്പോൾ
പുണരും മാപ്പേകും നീ സുതനായ് ഹാലേലൂയ്യ
വാഴ്ത്തിടുന്നു...

2

പരിശുദ്ധാത്മാവേ നീ വന്നീടേണം
ആത്മാവിനുള്ളിൽ നിറഞ്ഞീടേണം
പാപാന്ധകാരത്തിൽ മൂടിയ മാനസം
പാവനമാക്കിടേണം
പരിശു...

ജ്വാലകരം വീശിയെൻ ബോധത്തെയാകവെ
ശോഭനമാക്കിയാലും ജ്വാല
വെളിവിൻെറ കതിരൊളി തൂകിയെൻ ചേതന
പരിരമ്യമാക്കിയാലും...വെളി
പരിശു...

വേദന തിങ്ങുമെൻ മാനസം ആനന്ദ
പൂരിതമാക്കിയാലും
ദാനങ്ങളേഴുമീയെന്നിൽ ചൊരിഞ്ഞിടാൻ
കാരുണ്യമേകിയാലും
പരിശു...

3

തൃക്കൈകളിൽ പൂജ്യപാദങ്ങളിൽ
കാണിക്കയായ് സ്വയം നല്കുന്നു ഞാൻ
ആത്മാർപ്പണം ഈ ഹൃദയാർപ്പണം
കൈക്കൊള്ളുവാൻ കനിവാകണമെ.
നിൻ ജീവനിൽ ദിവ്യ വിരുന്നാകുവാൻ
പൊടിയുന്നു ഞാനും ബലിവേദിയിൽ
തിരുമുമ്പിലെ മെഴുതിരിയായി ഞാൻ
ഉരുകുന്നു നാളം തെളിഞ്ഞീടുവാൻ

4

മരിയെ തായേ ജയ ജയ നാഥേ
കന്യാംബികയെ സ്ത്രീകളിൽ ധന്യേ
യേശുവിന്നമ്മെ കന്മഷഹീനേ
നിർമ്മല റാണി ജയ ജയ നാഥേ

മാനവ ജനനി ത്രിഭുവര റാണി
മഹിയിൽ മഹിതെ ജയ ജയ നാഥേ
വരപൂരിതയെ വചനാംബികയെ
അമലോത്ഭവയെ ജയ ജയ നാഥേ

പുലർതാരകമെ പ്രഭമാലികയെ
സ്വർഗ്ഗാരോപിതെ ജയജയ നാഥേ
മരിയെ...

5

യേശുവെ നീ വരൂ എൻ മനസ്സിൽ മുറിവുണക്കാൻ
വരൂ വരൂ നീ വരൂ യേശുവേ (2)
മാലിന്യത്താൽ നിറഞ്ഞ മനം
കഴുകുവാൻ യേശുവെ അരികിൽ വരൂ
ധൂർത്തനായ് നടന്ന പാദങ്ങളെ
നിയന്ത്രിക്കാൻ യേശുവെ അരികിൽ വരൂ

ആന്തരീക സൗഖ്യവുമായ്
സ്നേഹത്തിൻ തൈലവുമായ്
ആശ്വാസത്തിൻ സന്ദേശവുമായ്
സ്നേഹപിതാവേ നിറയൂ എന്നിൽ

6

ദൈവസ്നേഹം വർണ്ണിച്ചീടാൻ
വാക്കുകൾ പോര—
നന്ദിചൊല്ലി തീർക്കുവാനീ ജീവിതം പോരാ
കഷ്ടപ്പാടിൻ കാലങ്ങളിൽ
രക്ഷിക്കുന്ന സ്നേഹമോർത്താൽ
എത്ര സ്തുതിച്ചാലും മതിവരുമോ
ദൈവസ്നേഹം...

സ്വന്തമായ് ഒന്നുമില്ല സർവ്വതും നിൻദാനം
സ്വസ്ഥമായ് ഉറങ്ങീടാൻ സമ്പത്തിൽ മയ
ങ്ങാതെ
മന്നിൽ സൗഭാഗ്യം നേടാനായാലും
ആത്മം നഷ്ടമായാൽ ഫലമെവിടെ
ദൈവസ്നേഹം...

സ്വപ്നങ്ങൾ പൊലിഞ്ഞാലും ദുഃഖത്താൽ
വലഞ്ഞാലും
മിത്രങ്ങൾ അകന്നാലും ശത്രുക്കൾ നിരന്നാലും
രക്ഷാകവചം നീ മാറാതെന്നാളും
അങ്ങെൻ മുമ്പേ പോയാൽ ഫലമെവിടെ
ദൈവസ്നേഹം...

7

ഏറേറെ ചൊല്ലുന്ന പാപങ്ങൾ നീ
ഭയപ്പെടേണ്ടൊരുനാളും
അനുതാപക്കടലിൽ മുങ്ങിയ നീയിനി
കരയേണ്ടൊരുനാളും
മകനേ കരയേണ്ടൊരു നാളും ഏറേറെ...

പശ്ചാത്താപമെങ്ങും രക്ഷാകരമാം ദാനം
പാപമനസ്സിൽ ദൈവം ശുദ്ധിവിതയ്ക്കും സമയം
വ്യഥകൾ അകന്നീടും വ്യാധികൾ മാറീടും
നിൻ മനസാന്തരമാകെ

ഏറേററ...

ലോകപാപം പേറും കുഞ്ഞാടായ് ഞാൻ വന്നു
നിന്നുടെ പാപം കഴുകാൻ കുരിശിൽ രക്ത
മൊഴുക്കി
സ്നേഹമായ് ഒഴുകട്ടെ ത്യാഗമായ് പടരട്ടെ
സഹജർക്കായ് ഞാൻ തന്ന ദാനം

ഏറേററ...

8

നിത്യ പിതാവിൻ മുമ്പിൽ മക്കൾ ശരണം
തേടുന്നു
താതാ പാപപൊറുതിക്കായ് ഞങ്ങൾ കേഴുന്നു
നിറമനസ്സാലെ സുതരാം ഞങ്ങൾ നിന്നെ
വിളിക്കുന്നു.
നിറകണ്ണുകളിൽ അനുതാപത്തിൽ നീർച്ചാലൊ
ഴുകുന്നു

നിത്യപിതാവി.......

രക്ഷകനേശു ചിന്തിയ രക്തം പരിപാവനമല്ലേ
രക്ഷസ്സായ് സുതരേകുഴകാം ദിവ്യനിണത്താലെ
ദിവ്യാത്മാവാൽ ഞങ്ങളെ നിത്യം പൂരിതമാക്ക
ണമേ
ദിവ്യത തേടും ഞങ്ങളെ എന്നും തൃക്കൺപാർ
ക്കണമേ.
നിത്യപിതാ...

ദൈവപിതാവാം സർവ്വേശ്വരനെ ശരണം
തേടുന്നു
രക്ഷകനേശുവിൽ നിണമതിനാലെ രക്ഷിതരാ
യിടുവാൻ
കരുണാമയനാം നിൻതിരുമാറിൽ അഭയം
തേടുന്നു
കരുണക്കടലേ സ്നേഹസ്വരൂപാ നിന്നെ
നമിക്കുന്നു (നിത്യപിതാ...

9

വരുകാത്മരൂപാ കരുണാത്മ ബാവാ
വരദാനമേകാൻ കരുണാഭ ദൂതാ (2)
തിരുനാമ ഗീതം നിര ചേർന്നു പാടാൻ
കഴിയുന്നവെങ്കിൽ നരജന്മഭാഗ്യം (2)
തവനന്മകാണാൻ നരനേത്ര യുഗ്മം
തവകീർത്തി കേൾക്കാൻ നരശ്രോത്ര യുഗ്മം(2)
ഒരുമാത്ര നിന്നിൽ ഒടുവിൽ ലയിക്കാൻ
നീയെൻെറ മാർഗ്ഗം നീയെൻെറ ജീവൻ

## 10

ജീവിതത്തോണി തുഴഞ്ഞുതുഴഞ്ഞു തളന്നപ്പോൾ
തുണയായ് വന്നവനേശു
ദു:ഖത്തിൻ ചുഴിയിൽ മുങ്ങി മുങ്ങി
താണപ്പോൾ
തീരം ചേർത്തവനേശു

വേദനയാൽ ഞാനമന്നപ്പോൾ
ആശ്വാസം തന്നവനേശു
യാതനയെല്ലാം ആനന്ദമായ്
എന്നിൽ തീർത്തവനേശു
എൻെറ ഘോര ദുരിതങ്ങളെല്ലാം
നന്മയായ് മാററിയതേശു
എന്നുമെന്നും തൻ കൈകളിൽ
എന്നെക്കാത്തവനേശു—

കുരിശു ചുമന്നു തളന്നപ്പോൾ
താങ്ങി നടത്തിയതേശു
മിത്രങ്ങൾ പോലും ത്യജിച്ചപ്പോൾ
അഭയം നൽകുന്നതേശു
പാപച്ചേററിൽ വീണലഞ്ഞപ്പോൾ
മോചനമേകിയതേശു
ക്ലേശങ്ങളിൽ മുങ്ങിത്താഴമെന്നെ
കോരിയെടുത്തവനേശു

## 11

യേശു (2) യേശുവേ യേശുനാമം പാവനം
യേശുനാമം പാടുന്നു യേശുനാമം വാഴ്ത്തുന്നു.
സർവ്വശക്ത നാഥനേ സർവ്വരക്ഷ ദായകാ
സർവ്വപാപ മോചകാ അങ്ങേ നാമം
വാഴ്ത്തുന്നു

ലോകത്തിൻ പ്രകാശമേ ക്രൂരിരുൾ നീക്കണേ
ദിവ്യശക്തി ചിന്തണേ ദിവ്യകാന്തി നല്കണേ
യേശു......

വചനമാർഗ്ഗം കാട്ടണേ വചനശക്തി
നല്കണെ
ദിവ്യവചനശക്തിയാൽ ദാസർ രക്ഷ നേടട്ടെ
ജീവനാഥനേശുവേ സ്നേഹമാർഗ്ഗേ
നീങ്ങിടാൻ
നിത്യരക്ഷ നേടുവാൻ ഞങ്ങൾക്കേകു നൽവരം
യേശു......

നിർമ്മലമാം മനസ്സതിൽ നിന്നെയുൾക്കൊ
ണ്ടീടാൻ
ഒന്നുതൊട്ടുണർത്തണേ എന്മനമെൻ നാഥനേ
മനസ്സിനുള്ളിൽ മൃദുലമാം ദൈവസ്വരം
കേട്ടിടാൻ
മനസ്സലിഞ്ഞു നൽകണേ കരുണയോടെ
നിൻകൃപ
യേശു......

## 12

സ്നേഹമെ നിൻ കൃപ തൻ കൈകളിലായ്
ബലിയായ് ഒരു ബലിയായ്
ഇവർ നല്കും നിമിഷമിതാ
കരുണാ സാഗരമെ ദയതൻ നിറകുടമെ
ശാന്തിദായകനേശുവേ നിൻസവിധേ

ബലിവേദിയിൽ ഞാൻ അണയുന്നേരം
പകയും നീരസവും
കൈവിട്ടെൻ മനം ശുദ്ധിവരുത്തി
മാലിന്യങ്ങൾ കഴുകിയകററി
ഹൃത്തടം പരിപൂരിതമാക്കാം
ദൈവസ്നേഹം എന്നിൽ നിറയാം

ജീവിതവേദിയാം എൻ ബലിപീഠേ
മമസ്വാർത്ഥം ഹോമിക്കാം
പുതുതായ് തീരാം ശിശുവായ് മാറാം
സഹജനു നല്ലൊരു സമറിയനാകാം
ശത്രുസ്നേഹം എന്നിൽ നിറയാം
സ്വർഗ്ഗരാജ്യം ഭൂവിൽ പുലരാൻ

## 13

ആത്മാർപ്പണത്തിന്നായ് വരുന്നിതാ ഞാൻ
കൈകളിൽ താലവുമായ്
കരുണയോടെ നീ സ്വീകരിക്കു
എന്നാത്മ യാഗമായ് സ്വീകരിക്കു

ആബേലർപ്പിച്ച ശ്രേഷ്ഠമാം ബലിപോൽ
അബ്രാഹമർപ്പിച്ച ത്യാഗത്തിൻ
ബലിപോൽ
വിധവയർപ്പിച്ച കാണിക്കപോൽ
നാഥാ സർവ്വവും നൽകിടാം ഞാൻ

## 14

ദൈവപിതാവെ സ്തുതിക്കുന്നു
സ്തുതിക്കുന്നു സ്തുതിക്കുന്നു സ്തുതിക്കുന്നു
യേശുവേ നാഥാ സ്തുതിക്കുന്നു
സ്തുതിക്കുന്നു സ്തുതിക്കുന്നു സ്തുതിക്കുന്നു
പാവനാത്മാവെ സ്തുതിക്കുന്നു
സ്തുതിക്കുന്നു സ്തുതിക്കുന്നു സ്തുതിക്കുന്നു
ത്രിയേക ദൈവമെ സ്തുതിക്കുന്നു
സ്തുതിക്കുന്നു സ്തുതിക്കുന്നു സ്തുതിക്കുന്നു
ദൈവപിതാവെ സ്തുതിക്കുന്നു
ഹൃദയമുയർത്തി സ്തുതിക്കുന്നു
യേശുവെ നാഥാ സ്തുതിക്കുന്നു
അധരമുയർത്തി സ്തുതിക്കുന്നു
പാവനാത്മാവെ സ്തുതിക്കുന്നു
കരങ്ങളുയർത്തി സ്തുതിക്കുന്നു
ത്രിയേക ദൈവമെ സ്തുതിക്കുന്നു
ഹല്ലേലുയ്യാ പാടി സ്തുതിക്കുന്നു

## 15

വരപ്രസാദകാലം ഇതു
സുപ്രധാന ദിവസം
വചനശ്രവണം വഴിയായി
ദൈവം രക്ഷയേകും പുണ്യയാമം

ഈ രക്ഷ സൗജന്യ ദാനം
ക്രിസ്തുവിൽ നിന്നുള്ള സ്നേഹം
പാവനാത്മാവിൽ നമ്മൾ
വീണ്ടും ജനിക്കുന്ന നേരം

ഈ ഭുവിൽ വിശ്വാസ ദാനം
കൈനീട്ടി വാങ്ങുവോർക്കെല്ലാം
യേശുവിൻ ദിവ്യ യാഗം
പരിത്രാണമാകുന്നു പാരിൽ

## 16

അലകടൽ താരം നീ മരിയ
നന്മതൻ നിറകുടം നീ മരിയ
മനുകുല മാതാ നീ മരിയ
വിണ്ണൊളി റാണി നീ മരിയ

ശാലീന കന്യക നീ മരിയ
പുണ്യവിഭൂഷിത നീ മരിയ
ദൂതസവനിക നീ മരിയ
മന്നവർ വാഴ്ത്തുവോരാം നീ മരിയ

ഭാഗ്യസമുന്നത നീ മരിയ
ആരോഗ്യനാഥേ നീ മരിയ
ജീവിത മാതൃക നീ മരിയ
മൃത്യുവിൻ തുണയും നീ മരിയ

## 17

കണ്ണീരെണ്ണി കാര്യമായെന്നെ കാത്തവനേശു
അലച്ചിലെണ്ണി ആശ്വാസം നൽകി
ആനന്ദിപ്പിച്ച
കഷ്ടതയിൽ ഞാൻ കർത്താവിൻ നാമം
വിളിച്ചല്ലോ
ദുഃഖങ്ങൾ കേട്ട കർത്താവെന്നെ
താങ്ങിയുയർത്തിയല്ലോ
കണ്ണീരിൻ നാളിൽ മനമുരുകി നാമം
വിളിച്ചല്ലോ
രോദനം കേട്ട കർത്താവെന്നെ
ആനന്ദിപ്പിച്ചവല്ലോ

## 18

പാടാം സ്തുതി പാടാമെൻ നാഥനിന്ന്
ആത്മനാഥനിന്ന് (2)
പാപങ്ങൾ മോചിച്ചെൻ ബന്ധനങ്ങൾ ഭേദിച്ച
ആത്മനാഥനാം രക്ഷകന്ന് സ്നേഹനാഥനാം
യേശുവിന്ന്
തപ്പുകളാലെ കിന്നര ഗീതികളാലെ പാടാം
പാടാം നമുക്കിന്നാർത്തു പാടാം
പാടാം......

കർത്താവെൻ നിത്യസഹായം എന്നും
തുണയരുളീടുന്ന സ്നേഹം
ആപത്തുകളിൽ സാന്ത്വനമരുളാൻ
ഓടിയണഞ്ഞീടും സ്നേഹം
കോരിയെടുത്തീടും സ്നേഹം

പാടാം......

കർത്താവെൻ നിത്യനാം ദൈവം
എന്നും സർവ്വപ്രപഞ്ചത്തിൻ നാഥൻ
പ്രാണൻ പോലും എൻ പാപം പോക്കാൻ
അർപ്പണം ചെയ്തൊരു സ്നേഹം

**19**

ദൈവവചനം നിർമ്മലവചനം
ശാശ്വതവചനം തിരുവചനം
സാന്ത്വനമേകുന്ന ശക്തിവരിക്കുന്ന
സാക്ഷാൽകരിക്കുന്ന വചനം
സുവിശേഷ വചനം

വചനത്തിൻ ശീതളഛായയിൽ
വളരുന്ന മനസ്സിൽ യേശുവസിക്കും (2)
അതു വാടിക്കരിയാനിടനൽകുകില്ല
ഈ ലോകമഴിഞ്ഞു പോയാലും (2)

(ദൈവവചനം)

## 20

ഈശോയെൻ കണ്ണീരൊപ്പാൻ വന്നീടണം
ആനന്ദമായ്
എന്നുള്ളിൽ രാജാവായ് വാഴേണം
ചിരകാലവും
ക്ലേശങ്ങൾ ഏറുമ്പോൾ മിത്രങ്ങൾ മാറുമ്പോൾ
ക്ലേശങ്ങൾ ഏറുമ്പോളെൻ മിത്രങ്ങൾ
മാറുമ്പോൾ
മാറാത്ത സ്നേഹമായ് മാറീടണം
മഞ്ഞുപോൽ ഈ ലോകസ്നേഹം മായുമ്പോൾ

സ്നേഹമേ ചാരെ വരൂ...
സ്വന്തമായ് ആരാരുമില്ലെന്നു കേഴുമ്പോൾ
സ്വാന്തനത്തിൻ സ്വരമായിട്ട്...
നീ മാത്രം കാണാനെൻ കണ്ണീരഹോ
നീ മാത്രം കേൾക്കാനെൻ നെടുവീർ
പ്പഹോ
ഈ ഭൂമിയിൽ എൻ സ്വന്തമായ്...
[ഈശോ]

പെറ്റമ്മ മറന്നാലും കൺമണിയായ്
കരുതും നിൻ
സ്നേഹം അപാരം വിഭോ...
കനിവിൻ സുഖം നൽകാൻ
നീട്ടും നിൻ കൈകളിൽ

മാനം പോൽ വിശാലമേ
നീയേകൻ മതിയായ കാവൽക്കാരൻ...
നീ മാത്രം ബലമേറും തുണയെൻ നാഥാ
ഈ ഭൂമിയിൽ എൻ സ്വന്തമായ്     [ഈശോ]

## 21

എൻെറ കൈവിലങ്ങഴിഞ്ഞു വീണു
യേശുവെന്നെ വീണ്ടെടുത്തു
ഇത്രനാളം ഞാൻ കഴിഞ്ഞതെല്ലാം
എന്തു കൂരിരുട്ടിലായിരുന്നു.

യേശുവേ നീയെൻെറ സത്യദൈവം
എൻ ഏക രക്ഷകൻ നിത്യജീവൻ
യേശുവേ നീയെൻെറ ആത്മനാഥൻ
ഏതു ദുഃഖനാളിലും എൻെറ സ്വാന്തനം

[എൻെറ...]

യേശുവേ നീയെൻെറ ഏകലക്ഷ്യം
ഏതു കൂരിരുട്ടിലും മാർഗ്ഗദീപം
യേശുവേ നീയെൻെറ ശക്തികേന്ദ്രം
ഏതു തോൽവി നാളിലും എൻെറ ആശ്രയം

[എൻെറ...]

## 22

ആരാധനയുടെ നിമിഷങ്ങളിൽ
ആത്മനാഥനെ കാണുവാൻ
ആരാധകരിവർ കാത്തിരിപ്പൂ
ആത്മനാഥനേശുവേ

[ആരാധനയുടെ]

ആരാധന ആരാധന ആയിരം ആരാധന
ആരാധന ആരാധന ആത്മാവിലാരാധന

അങ്ങേ സന്നിധേ അല്പനേരം
ജീവിപ്പതോ മഹാഭാഗ്യമേ
അന്യഗൃഹത്തിലൊരായിരം നാൾ
വാഴ്‌വതേക്കാളെത്ര മോഹനം

[ആരാധന]

തിരുനാമം എന്നും പ്രകീർത്തിക്കാം
ജനതകൾ മദ്ധ്യേ പ്രഘോഷിക്കാം
ആകാശത്തോളം ഉയർന്നിടുന്ന
സ്തോത്രഗീതം പാടിടാം [ആരാധന...]

## 23

പതിനായിരം പാട്ടുകളാലെ
പരമോന്നതനെ വാഴ്ത്താം
പരംപൊരുളെ പരിപാവനനെ
പരിശുദ്ധാത്മനെ വാഴ്ത്താം
പരമപ്രകാശനെ വാഴ്ത്താം

പാവനനെ പരിപാവനനെ
ജഗദീശനെ ഈശനെ വാഴ്ത്തിടുന്നേൻ
കരുണാമയനെ കൃപദായകനെ
പരിപാലകനെ നിന്നെ വാഴ്ത്തിടുന്നേൻ
[പതിനായി...]

## 24

മനസ്സാകുമോ നാഥാ സുഖമാക്കുവാൻ
ഒരു വാക്കുകല്പിച്ചാൽ മതിയാകുമല്ലോ
നീ എന്റെ ഭവനത്തിൽ വരുവാനെനിക്കില്ല
യോഗ്യത തെല്ലും നാഥാ
ഒരുവാക്കു കല്പിച്ചാൽ മതിയാകുമല്ലോ
ആപാദചൂഡം ഞാൻ സുഖമാകുവാൻ
(മനസ്സാകുമോ...)

അനാഥരല്ല ബലഹീനരല്ല
നീ കൂടെയുള്ളപ്പോൾ ഞങ്ങൾ (2)
വിശ്വാസത്തിൻ ഫലമുളവാകാൻ
കൃപ ചൊരിയേണമെ നാഥാ...
കൃപചൊരിയേണമെ നാഥാ...
[മനസ്സാകുമോ...]

സദാവിളിപ്പൂ കൈനീട്ടി നില്പൂ
നീ വരമേകണെ നാഥാ
ആശ്വാസത്തിൻ കുളിരണിയാനായ്
കൃപചൊരിയേണമേ നാഥാ–കൃപ
[മനസ്സാകുമോ...]

## 25

യേശുവേ സ്തോത്രം യേശുവെ നന്ദി
ദൈവമേ നിനക്കാരാധന (2)

താളങ്ങളാൽ മധുരനാദങ്ങളാൽ
രാഗങ്ങളാൽ ഇമ്പ മേളങ്ങളാൽ
ആരാധന നിനക്കാരാധന
സൂനങ്ങളാൽ വർണ്ണദീപങ്ങളാൽ
ഗന്ധമെഴും ദിവ്യ ധൂപങ്ങളാൽ
ആരാധന നിനക്കാരാധന
[യേശുവേ...]

ദാനങ്ങളാൽ പുണ്യ ഗീതങ്ങളാൽ
ആത്മാവിൽ നിറസ്തോത്രങ്ങളാൽ
ആരാധന നിനക്കാരാധന
പ്രാർത്ഥനയാൽ പരിത്യാഗങ്ങളാൽ
ഉള്ളിൽ വരും ഭക്തി സൂക്തങ്ങളാൽ
ആരാധന നിനക്കാരാധന
[യേശുവേ...]

## 26

ആദിയിലെ വചനമേ മാംസമായ വചനമെ
യേശുവാം പ്രകാശമെ സത്യസ്നേഹമേ
അഖില ലോകകാന്തി നീ സകലരോഗ
ശാന്തി നീ
മാനവന്റെ ശക്തി നീ ധൈര്യവും നീ

നേരറിയാൻ വെമ്പിടും മാനവൻെറ
മുമ്പിലെ
സത്യമാർഗ്ഗമാണ നീ നിത്യവചനമെ
ക്രൂരിരുഠം നീക്കിടും ദിവ്യശോഭയുള്ളതാം
സത്യമാർഗ്ഗമാണ നീ സ്വർഗ്ഗദീപമെ
നീ തരണെ നിൻവരം (3) ദിവ്യ
വചനമെ

ക്ലേശഭാരമേററിടും മാനുഷൻെറ പാതയിൽ
സ്വർഗ്ഗശാന്തിയാണ നീ ജീവവചനമെ
രോഗികഠംക്ക സൗഖ്യവും പാപികഠംക്ക
മുക്തിയും
അജ്ഞർക്ക ജ്ഞാനവും ഏകിടുന്നു നീ
നീ തരണെ നിൻവരം (3) ദിവ്യവചനമെ

## 27

പ്രഭാതത്തിൽ ഉണർന്നു
പ്രഭാദീപം തെളിഞ്ഞു പ്രാർത്ഥനയ്ക്കാ
യൊരുങ്ങി
പ്രഭാപൂരം നിറഞ്ഞു.

കണ്ണു രണ്ടും അടച്ചു ചിന്തയെല്ലാം അകററി
ഉള്ളിലെ കണ്ണുകഠം തുറന്നു തുറന്നു
ഉള്ളിലെ നാഥനെ അറിഞ്ഞു അറിഞ്ഞു
(പ്രഭാത...)

നന്മകൾ വേർതിരിഞ്ഞു തിന്മയെല്ലാം
വെടിഞ്ഞു
എന്നിലെ കന്മഷം അകന്നു അകന്നു
എന്നുടെ നാഥനെ സ്തുതിച്ചു സ്തുതിച്ചു
(പ്രഭാത...)
സ്നേഹനിർഝരി തുറന്നു സ്നേഹമെന്നിൽ
നിറഞ്ഞു
എൻമനം നാഥനെ അറിഞ്ഞു, അറിഞ്ഞു
സ്നേഹമാം നാഥനിൽ ലയിച്ചു ലയിച്ചു.
(പ്രഭാത...

**28**

മലകൾ മാറിയകന്നു പോയാലും
കുഞ്ഞിനെയമ്മ മറന്നകന്നാലും
എന്നീശോ എന്നെ കൈവെടിയില്ല
എൻനാഥനെന്നെ പിരിഞ്ഞകലില്ല
കുഞ്ഞോമൽ പൈതലേ മാറോട് ചേർക്കുന്ന
അമ്മയെപ്പോലെന്റെ നാഥൻ
ഒന്നും ചെയ്യാൻ വയ്യാത്ത വേളയിൽ
ഉയിരേകിയെന്നെയണയ്ക്കും ഈശോ
ഉണർവ്വിന്റെ വരമെനിക്കേകും.
കരകാണാക്കടലിലെ തിരമാലയിൽ വീണ്
തകരാതെ താങ്ങീടുമെൻ നാഥൻ
ഇരുൾമൂടും രജനിയിൽ ഇടറി വീഴാതെന്നും
കരംപിടിച്ചെന്നെ നയിക്കും ഈശോ
വിളക്കായ് വഴികളിൽ തെളിയും

## 29

ഈശനെ വാഴ്ത്തി പാടീടാം
സർവ്വേശ്വര നാമം വാഴ്ത്തീടാം
എല്ലാം സൃഷ്ടിച്ചവനല്ലോ
ജഗദീശനെ വാഴ്ത്തി പാടീടാം

കാട്ടാറിൻ കളകളഗാനം
വാഴ്ത്തുന്ന ഈശ്വരനാമം
കിളികൊഞ്ചും രാഗത്തിൽ
ഒളിചിന്നും താളത്തിൽ
ഈശ്വരരൂപം തെളിയുന്നു
ജഗദീശനെ വാഴ്ത്തി പാടീടാം

അരുണാഭ ശോഭിതവാനം
കരതാരിൽ താങ്ങും ദൈവം
നൊമ്പരവും ക്ലേശവുമെല്ലാം
ഇമ്പമെഴും സുന്ദരദിനവും
ഈശ്വരദാനമിതെല്ലാം തരും
ജഗദീശനെ വാഴ്ത്തി പാടീടാം

കൈത്താളമോടെ വേണ
വീണയീണങ്ങളോടെ
കർത്താവിൻ മഹിമകളെ
സൃഷ്ടാവിൻ സൃഷ്ടികളെ
ജയജയഗീതം പാടുകനാം
ജഗദീശനെ വാഴ്ത്തി പാടീടാം

## 30

യേശുവേ സ്നേഹമെ
എന്നാത്മ സൗഭാഗ്യമെ (2)
നിൻദിവ്യ സാന്നിധ്യം വാഴ്ത്തിടാം
എന്നും ഞാൻ വാഴ്ത്തിടാം
(യേശുവേ...

മാനവ മക്കളൊടൊത്തു നിത്യം
വാഴുവാൻ ഈ കൃപ നൽകുന്നു നീ
ആദാമിൻ മക്കളെ ദിവ്യരാക്കാൻ
നിൻ മാംസ രക്തങ്ങൾ നൽകുന്നു നീ

ഏഴയാം എന്നെ നീ വീണ്ടെടുക്കാൻ
കൈവെടിഞ്ഞില്ലയോ നിൻ മഹത്വം
മാനവ ഭോജ്യമായ് വന്ന നാഥാ
സ്നേഹമെ നിന്നെ ഞാൻ കുമ്പിടുന്നു.

## 31

ആത്മാവിൽ നിറയുന്ന സങ്കീർത്തനം
അകതാരിൽ നിന്നും സ്തുതികീർത്തനം
ഓരോ അണുവിലും കുടികൊള്ളും ചൈതന്യമെ
ഒരു വേള പോലും ഞാൻ പിരിയാതെ പാടിടാം

ആരാധന യേശുവേ
ആരാധന യേശുവേ

സങ്കീർത്തനങ്ങളും സ്തുതികീർത്തനങ്ങളും
സർവേശസൂനുവേ പാടിടുന്നു
സ്വർഗ്ഗസിംഹാസന സന്നിധേ പാടുന്നു
സ്വർഗ്ഗീയ ദൂതരോടൊത്തു ഞങ്ങൾ
സ്വർഗ്ഗീയ സംഗീതം പാടിടാം
ആരാധന...

സ്വർഗ്ഗീയ മന്നയായ് ആത്മീയ ഭോജ്യമായ്
ആരാധ്യനാഥനെ വന്നിടണെ
ആത്മാവിൻ ദാഹം തീർക്കുവാൻ കനിയു
അങ്ങിൽ ലയിച്ചു ഞാൻ ജീവിച്ചിടാം
അങ്ങേ സ്തുതിച്ചു ഞാൻ പാടിടാം
ആരാധന...

## 32

കരകവിഞ്ഞൊഴുകീടും സ്നേഹം
ചൊരിഞ്ഞിടാൻ
മധുരമനോഹരമാം വചനം പകർന്നിടാൻ
ആഗതനാകുന്നു ആശ്വാസമേകുന്നവൻ
ആത്മാർപ്പണം ചെയ്യുവൻ

നിർമ്മല ഹൃദയ മൊരുക്കി നാഥന്റെ
തിരുമുമ്പിൽ അണിചേരാം
ക്രൂശിതനായ ദൈവത്തിന്റെ
സ്നേഹത്തിലൊന്നായിടാം
അധ്വാനഭാരങ്ങളും ആത്മാഭിലാഷങ്ങളും
നാഥന്റെ കൈകളിലേകിടാം
നവജീവനിൽ പങ്കുചേർന്നീടാം
(കരകവി)

തൻതിരുരക്ത ശരീരങ്ങളാലെ
അതീധന്യരായ്ത്തീരാം
ഉത്ഥിതനായ മിശിഹാതന്നുടെ
മഹിമകൾ വാഴ്ത്തീടാം
ഹൃദയത്തിൻ ഭാരങ്ങളും പെരുകുന്ന ദുഃഖങ്ങളും
നാഥൻെറ കൈകളിലേകീടാം
നവജീവനിൽ പങ്കുചേർന്നീടാം
(കരകവി...)

## 33

മാമരചില്ലകളെ പാടൂ ഓശാന ഓശാന
വയലിലെ ലില്ലികളെ പാടൂ ഓശാന ഓശാന
വിണ്ണിൽ നിന്നൂഴിയിൽ വന്നൊരു നാഥനെ
പാടി പുകഴ്ത്തുന്നു മന്നിലെ മക്കൾ
ഓശാന ഓശാന ഓശാന

വാനിലെ താരകങ്ങൾ ദൈവ താതൻെറ
സൃഷ്ടിയല്ലോ
ആദിത്യ ചന്ദ്രനെയും ദൈവം വാനിൽ
വിരിയിച്ചു
എൻനാഥാ നിൻ സ്നേഹം എന്നും
സ്മരിച്ചിടുന്നു
ഏകിടാം നന്മകൾ ആയിരം ആയിരം
ഓശാന ഓശാന

## 34

പാടുവിൻ പാടുവിൻ മാനവരേ
പാവനനനീശ നന്ദനൻെറ
സ്നേഹത്തിൻ ഗീതികഠം പാടി
ജീവിതം ധന്യമാക്കു

മാനസം സ്നേഹത്തിൽ വീണയാക്കു
ജീവിതം സ്നേഹത്തിൽ ശാന്തമാക്കു
സ്നേഹമില്ലങ്കിൽ നമ്മഠം
ശൂന്യരെന്നോർത്തോളു

സ്നേഹമനീതിയിൽ ആനന്ദിക്കില്ല
സ്നേഹം സ്വാത്ഥം തേടുന്നില്ല
മൃത്യുവിനപ്പുറം സ്നേഹം
മർത്യനെയെത്തിക്കുന്നു

മാനസെസ്നേഹം നിറഞ്ഞിടുമ്പോഠം
മാനസമീശ്വര കോവിലാകും
സോദരസ്നേഹം ഈശ്വര
സ്നേഹത്തിൻ സാക്ഷ്യമല്ലോ

സ്നേഹമസൂയയിൽ ആഴുന്നില്ല
ആത്മപ്രശംസ തേടുന്നില്ല
ശാന്തിപരത്തി ഭുവിൽ
സ്വർഗ്ഗം തീർക്കുന്നു സ്നേഹം

## 35

ജീവനുള്ള നാഥനായ് ചെവികൊടുക്കുവിൻ
സ്നേഹദർശനത്തിനായ് മിഴിതുറക്കുവിൻ
പാരിന്റെ പാപങ്ങൾ ഏൽക്കുവാൻ
യേശു കർത്താവായ് ആഗതനായ്
ആ ഹൃദയത്തിൽ നാഥനെ സ്വീകരിക്കുവിൻ

എന്റെ ദൈവമേ പുത്രനേശുവേ
നിത്യനായ താതനെ പാവനാത്മനെ (2)

ദൂരെ നിന്നു നാഥനെ ഒന്നു കാണുവാൻ
മാമരത്തിൽ കാത്തിരുന്ന പാപിയെയവൻ
താഴെ വന്നു പേരു ചൊല്ലി സ്വന്തമാക്കി
പോൽ
ആ നിത്യ നായകൻ എന്റെ ഏക രക്ഷകൻ
(എന്റെ ദൈവമേ...)

ഏറുകൊണ്ടു വീഴുമാറോടി വന്നവൾ
യേശുവിന്റെ മുമ്പിലായ് വന്നുപെട്ടവൾ
ക്രൂരമായ നീതിയാൽ ഭയന്നുപോയവൾ
കാരുണ്യരൂപനിൽ ദൈവനീതി കേട്ടപോൽ
(എന്റെ ദൈവമെ...)

## 36

ഇനിമേൽ നിൻ പാപം ഞാൻ ഓക്കില്ല
ഇനിയും നീ പാപം ചെയ്യരുതേ
ആഴി തൻ ആഴത്തിൽ കളഞ്ഞതല്ലേ
പൊറുത്ത പാപത്തെ ഓർത്തു നീ കേഴേണ്ട

എൻ പാപക്ഷമയെന്നും പൂർണ്ണമതല്ലോ
നിൻ പാപ കറകളെ കഴുകിടുവാൻ
എൻ സുതനെ ഞാൻ പാപമാക്കി മാററി
കാൽവരി തന്നിൽ ബലിയാക്കി
നിനക്കായ്

ലോക മോഹ വസ്തുക്കളെ നീ
സ്നേഹിക്കല്ലേ നീ മോഹിക്കല്ലേ
പൂർണ്ണ ഹൃദയമതാലും ആത്മാവിലും നീ
എന്നെ സ്നേഹിച്ചു സ്നേഹിച്ചു നീ വളർന്നിടുക

## 37

നന്മനിറഞ്ഞവളേ സ്തോത്രം
സ്ത്രീകളിലധിധന്യേ
ദൈവം നിൻെറ കൂടെയുണ്ടല്ലോ നിൻ
ഉദരഫലം ഈശോമിശിഹാ

ത്രിലോക രാജ്ഞി ദൈവമാതെ
കന്യകമാരുടെ റാണി നീയേ
വേദനയാൽ ഉഴലും മക്കളെയെന്നും
പുത്രൻ ചാരെ നയിപ്പവൾ നീ

ദൈവഹിതം നിറവേററിയല്ലോ നീ
പാരിതിൻ മക്കൾക്ക മാതൃകയായ്
കാൽവരിക്കുന്നിൽ കുരിശിൻ ചുവട്ടിൽ
ഞങ്ങൾ തൻ അമ്മയായ് തീർന്നവൾ നീ

## 38

ഈശോ ഞാനെൻ ഹൃദയം നിന്നെ
സ്നേഹിക്കാനായ് നൽകുന്നു
നിന്നുടെ സ്നേഹത്തിൽ എന്നെ
കാത്തരുളീടണമെ 2

ഈശോ ഞാനെൻ അധരം നിന്നുടെ
സ്തുതികൾ പാടാനേകുന്നു
നിൻ സ്തുതി ഗീതങ്ങൾ പാടാൻ
നൽവരമേകണമെ

ഈശോ ഞാനെൻ ആത്മം നിന്നുടെ
ആലയമായ് നൽകുന്നു
വന്നു വസിക്കണമേയെന്നിൽ
നിത്യം വാഴണമെ

ഈശോ എന്നിലെ ശക്തികളെ ഞാൻ
നിന്നെ അറിയാനേകുന്നു
നിൻ പ്രതിരൂപം ഞാനെല്ലാ
സോദരരിലും കാണും

ഈശോ എന്റെ ശരീരം നിന്നുടെ
ശുശ്രൂഷക്കായ് നൽകുന്നു
എന്നും പാവനമായ് നാഥാ
കാത്തിടും ഞാനതിനെ

ഈശോ ഞാനെൻ ജീവിതമാകെ
നിന്നുടെ പാദേയേകുന്നു
നിന്റെ മഹത്വം ഞാനെന്നും
ഉദ്ഘോഷിച്ചീടും

## 39

അരുളം ചെയ്യു നാഥാ ദാസർ ശ്രവിക്കുന്നു
ജീവന്റെ ഉറവയാം ദൈവിക വചനം
ഹൃദയവയലുകളിൽ വിതറു നീ
വളരാൻ വിളയാൻ ഫലങ്ങളേകാൻ
ശിലയൊടു സമമാം ഞങ്ങളം തൻ
ഹൃദയങ്ങളെ നീ മാററിടു
നൽകു എല്ലാം സത്തായു് നീ
മാംസളമാകും ഹൃദയങ്ങളം
വചനം വളരാൻ കൊഴിയാതെ
വാടിത്തളന്നു പോകാതെ
അറിവേകാൻ ഫലമേകാൻ
മുപ്പതും അറുപതും നൂറുമായു്
അഖിലേശാ നിൻ തിരുവചനം
ശാശ്വത ദീപം എന്നെന്നും
ശാന്തിപരത്തും സുവിശേഷം
ഞങ്ങളംക്കെന്നും മരുവീടു

## 40

സന്തോഷമായിരിപ്പിൻ...സന്തതം
സന്തോഷമായിരിപ്പിൻ
ഇടമുറിയാതെ പ്രാർത്ഥനയിൽ
ജാഗ്രതയോടെ ഇരിപ്പിൻ-ജാഗ്ര

ഇതാണ് ദൈവഹിതം
ഇതാണ് ദൈവഹിതം
യേശുവിൻ രക്ഷിതരെല്ലാർക്കും
തെളിവായൊരു ദൈവഹിതം

എല്ലാ കാര്യങ്ങളിലും എല്ലാ കാലങ്ങളിലും
നന്ദി ചൊല്ലി വാഴ്ത്തുവിൻ നന്നായ്
നന്മസ്വരൂപനെ നന്നായ്
(സന്തോഷ...)

നന്മക്കായ് സമസ്തം കരുതും വത്സലതാതൻ
തരുന്നതെല്ലാം കുരിശുകളായാലും
സ്തുതികൾ പാടി നമിക്കാം
(സന്തോഷ...)

## 41

സങ്കീർത്തനങ്ങൾ നീതിമാനെ വാഴ്ത്തുന്നു
മണ്ണും വിണ്ണും അതേററു പാടുന്നു
പീഡിതരെ ദാവീദിൻ പുത്രനിതാ

മർദ്ദിതരെ മംഗളമാം സൂക്തമിതാ
മർദ്ദകരെ ദൈവത്തെ ഭയപ്പെടുവിൻ
ചൂഷകരെ ശിക്ഷകളുണ്ടോർത്തോളിൻ

അനാദിയായോൻ വാഴുമ്പോൾ ദുഃഖമെന്തിനു
മാനവരെ
സത്യമറിയൂ സാക്ഷികളെ

പാപമനസ്സിൽ ശാന്തിയരുളും ധ്യാന സവിതം
ഈ ആശ്രമം
പിതാവിനെ നാം വാഴ്ത്തുമ്പോൾ
സത്യമുണരും പാവനമായ്
നിത്യമറിയും മാനവരെ
നീലനഭസ്സിൽ സൂര്യകിരണം പോലെ
തെളിയും ഈ ആശ്രമം

## 42

പരിശുദ്ധാരൂപിയെ ദൈവാരൂപിയെ
പരമ പ്രകാശമെ ചൈതന്യമെ
എഴുന്നള്ളേണമെ നിറയേണമെ
മനതാരിലമൃതം ചൊരിയേണമെ

ദൈവീക ജീവൻ നൽകേണമെ
ദൈവീക പുണ്യങ്ങൾ നൽകേണമെ
പരിശുദ്ധാത്മാവിൻെറ ദാനഫലങ്ങൾ
പരിശുദ്ധാരൂപിയെ നൽകേണമെ
ദൃഢമാം വിശ്വാസം നൽകേണമെ

സോദര സ്നേഹം നൽകേണമെ
യേശുവിൽ ജീവിതം നവമാക്കുവാൻ
ധൈര്യവും സ്ഥൈര്യവും നൽകേണമെ

## 43

എനിക്കു വേണ്ടത് നിന്നെയാണ് മകനെ
എനിക്കു ദാഹം നിന്നിൽ വന്നു വാഴാൻ
യേശുനാഥൻ അരുളിടുന്നു നിനക്കുപകരം
കാഴ്ചദ്രവ്യം മതിയാവില്ലെന്നോർപ്പൂ.

നിൻെറ കാഴ്ചയും സ്തോത്രയാഗവും
നിൻെറ നേർച്ചയും സ്തുതിഗീതവും
സ്വീകാര്യമാകില്ലെൻ മുമ്പിൽ
നിന്നിൽ മാനസാന്തരമില്ലെങ്കിൽ
നിൻെറ ഹൃദയം എനിക്കുവേണ്ടി
തുറക്കുവിൻ വേഗം

നിന്നെ ദാസനായ് കാണില്ല ഞാൻ
നീയെൻ സ്നേഹിതൻ നിത്യകാലവും
എന്നെ നീ തിരഞ്ഞെടുത്തില്ലല്ലോ
നിന്നെ ഞാൻ തിരഞ്ഞെടുത്തെനിക്കായ്
എൻെറ സ്നേഹം സ്വീകരിക്കാൻ
തുറക്കുവിൻ ഹൃദയം

## 44

ദൈവാത്മാവിൻ ആലയമാണെന്നറിയേണം
നമ്മളും
അരൂപി നമ്മിൽ വാസം ചെയ്‌വതിലാന
ന്ദിക്കേണം
അരൂപിയാൽ നാം പൂരിതരായ് സ്തുതി
കളുയർത്തേണം
നന്മചെയ്ത നാം ദൈവപിതാവിന്
മഹത്വമേകണം
ദിവ്യ സഹായക ശബ്ദത്തിന് നാം കാതോ-
ർത്തിടേണം
സത്പ്രേരണയിൽ സതതം മുഴുകി
സഞ്ചരിക്കേണം
ദുശ്ചിന്തകളാൽ ദിവ്യാത്മാവിനെ നിർ-
വീര്യമാക്കരുതേ
ദുർജ്ജനവേഴ്ചയാൽ അരൂപിയെ നാം
ദുഃഖിപ്പിക്കരുതേ
തെന്നി തെന്നി തെററിൻ വഴിയിൽ
ഉഴറിനടക്കുമ്പോൾ
ഉള്ളിൽ നിന്നും അരുതേ ചൊല്ലി റൂഹ
തിരുത്തുന്നു
സുകൃതം നിറയും ജീവിത പാതകൾ മുന്നിൽ
നിരത്തുന്നു
തീക്ഷണതയോടതിൽ മുന്നേറീടാൻ വരങ്ങളേ
കുന്നു

## 45

ആരാധിച്ചീടാം കുമ്പിട്ടാരാധിച്ചീടാം
ആരാധിക്കുമ്പോൾ അപദാനം പാടീടാം
ആ പൂജിതമാം രക്ഷനാമം വാഴ്ത്തിപ്പാടാം
ആ പദമലരിൽ താണുവീണു വന്ദിച്ചീടാം
ആത്മനാഥാ ഞാൻ അങ്ങിൽ ചേരേണം
എൻ മനസ്സിൽ നീ നീണാൾ വാഴേണം

യേശുനാഥാ ഒരു ശിശുവായ് എന്നെ
നിൻെറ മുമ്പിൽ നൽകീടുമ്പോൾ
എൻപാപമേതും മായിച്ചു നീ
ദുഃഖഭാരമെല്ലാം മോചിച്ചു നീ
ആത്മാവിൽ നീ വന്നേരമെൻ
കണ്ണീരും വേഗം ആനന്ദമായ്

സ്നേഹനാഥാ ഒരു ബലിയായ്
ഇനി നിന്നിൽ ഞാനും ജീവിക്കുന്നേൻ
എൻെറതായതെല്ലാം സമർപ്പിക്കുന്നു
പ്രിയനായ് എന്നെ സ്വീകരിക്കു
അവകാശിയും അതിനാഥനും (2)
നീ മാത്രമീശോ മിശിഹായേ (2)

## 46

യേശുവേ വരു രക്ഷകാ വരു
സൗഖ്യദായകാ എൻെറ നാഥനായ് വരു

സ്തുതിച്ചീടാം സ്തുതിച്ചീടാം
പൂർണ്ണഹൃദയമോടെ
സ്തുതിച്ചീടാം സ്തുതിച്ചീടാം
സർവ്വശക്തിയോടെ

ആന്തരീക സൗഖ്യമേകി
എൻ തകർച്ച നീക്കി
മുറിപ്പെടുത്തും ഓർമ്മകൾ
സുഖപ്പെടുത്തുവാൻ വരൂ

ബന്ധനത്തിൽ നിന്നുമെന്നെ
മുക്തനാക്കുവാൻ വരൂ
സ്വാർത്ഥമോഹമൊക്കെയും
തുടച്ചു നീക്കുവാൻ വരൂ

## 47

അനന്ത സ്നേഹത്തിൽ ആശ്രയം തേടി
മരിച്ചവനൊരു നാൾ തിരിച്ചുവന്നു
അത് സുവിശേഷകഥയിലെ ധൂർത്തപുത്രൻ
(അനന്ത...)

ആ ധൂർത്തൻ ഞാനായിരുന്നു
ആ താതൻ ദൈവമായിരുന്നു
ആ പിതൃവാത്സല്യം അലിവോടെയെന്നെ
വഴി നോക്കി നിൽക്കയായിരുന്നു
(അനന്ത...)

ആ ദിവസം ഇന്നായിരുന്നു
ആ ഭവനം യേശുവായിരുന്നു
സുവിശേഷം കേൾക്കുമ്പോൾ ആത്മാവിലെന്നെ
തഴുകുന്ന സ്നേഹമായിരുന്നു.

## 48

കണ്ണീരെല്ലാം തുടച്ചീടുവാൻ
സ്വർഗ്ഗാധിരാജൻ വന്നീടുന്നു
വേദനയാൽ തളരും നേരം
താങ്ങീടുവാൻ വന്നീടുന്നു

മനമുരുകിക്കരഞ്ഞീടുമ്പോൾ
ദു:ഖിതനായ് ഞാൻ തീരും നേരം
ദു:ഖിതർക്കാശ്വാസമായവനെ
എന്നരികിലുണ്ട് നീയെന്നുമെ

(കണ്ണീ...)

രോഗത്താലെ ഞാൻ തളർന്നിടുമ്പോൾ
എൻ രോഗ ശയ്യയിൽ നാഥനുണ്ട്
പീഡിതനായ് ഞാൻ കേഴുന്നേരം
പീഡിതനായവൻ ചാരെയുണ്ട്

(കണ്ണീ...)

## 49

ആത്മ സന്തോഷം കൊണ്ടാനന്ദിപ്പാൻ
ഇന്നാത്മമാരികൊണ്ട് നിറക്കേണമെ

1. ദൈവത്തിൻെറ തേജസ്സ് ഇന്നിവിടെ
പ്രകാശിക്കവേണം വെളിച്ചമായ്
2. പാപത്തിൻെറ എല്ലാ അന്ധകാരവും
എല്ലാ ഉള്ളത്തിൽ നിന്ന് നീങ്ങിപോകട്ടെ
3. സ്വർഗ്ഗസന്തോഷം കൊണ്ടാനന്ദിപ്പാൻ
ആത്മശക്തിയാലെന്നെ നടത്തേണമെ
4. കല്ല് പോലുള്ള എല്ലാ ഉള്ളങ്ങളേയും
മെഴുകു പോലിന്ന് ഉരുക്കേണമേ
5. ആത്മനിലങ്ങളെ ഒരുക്കീടുവാൻ
സ്വർഗ്ഗസീയോനിലെ വിത്തു വിതപ്പാൻ
6. നല്ലവണ്ണമത് ഫലം കൊടുക്കാൻ
ആത്മതുള്ളി കൊണ്ട് നനക്കേണമെ
7. വെളിച്ചങ്ങൾ വീശുന്ന അന്ധകാരം മാറുന്ന
ദൈവത്തിൻെറ ആത്മാവുള്ളിലാകുമ്പോൾ
8. മായയായ ലോകത്തിൽ ഞാൻ ചേർന്നു നിൽക്കാതെ
എൻ രക്ഷകനാം യേശുവിൽ
ഞാനാശ്രയിച്ചീടാം.

## 50

പ്രഭാതത്തിലെന്നെ സമർപ്പിച്ച നാഥാ
വാഴ്ത്തുന്നു ഞാനും ദിവ്യാപദാനം
ഇതാ ! ഇന്നു നിൻെറ ദയാധിക്യമല്ലോ
ഉണർത്തുന്നതെന്നെ അനുഗ്രഹിച്ചാലും (2)

പിതാവിൻെറ മുമ്പിൽ പ്രസാദിച്ച പുത്രാ
ജീവൻെറ നാഥാ എഴുന്നള്ളിയാലും
സദാ എൻെറയുള്ളിൽ പ്രകാശിച്ചുവാഴൂ
വിളങ്ങട്ടെ ഞാനും നിൻ ജ്വാലയായ്

(പ്രഭാതത്തി...)

പ്രഭോ നന്ദിയോടെ പ്രകീർത്തിച്ചിടുന്നേൻ
നീയാണു നാഥൻ ഞാൻ നിൻെറ സ്വന്തം
സദാ നിൻെറ സത്യം പ്രഘോഷിച്ചു പാടാൻ
ഇറങ്ങട്ടെ വേഗം നീ നയിച്ചാലും

(പ്രഭാതത്തി...)

## 51

സന്തോഷം സന്തോഷം ആത്മാവിലെപ്പോഴും
സന്തോഷം
ആനന്ദം ആനന്ദം ആത്മാവിലെപ്പോഴും
ആനന്ദം
യേശുനാഥനേകിടുന്ന സന്തോഷം
ഭുവിലാരുമേകിടാത്തൊരാനന്ദം ആനന്ദം
ആനന്ദം

നാഥൻെറ സന്തോഷം നമ്മിൽ കുടി-
കൊള്ളാനും
ആ ദിവ്യ സന്തോഷം പൂർണ്ണത നേടാനും
അരുളിയ വചനം അനുസരിച്ചിടാൻ
നൽകിയ വഴിയെ പിൻഗമിച്ചീടാം

പരസ്പരം സ്നേഹമോടെ
പങ്കുവെച്ചു വളർന്നീടുകിൽ

നാഥൻെറ നാമത്തിൽ ക്ലേശം സഹി-
ച്ചീടുമ്പോഴും
ക്രൂശിൻെറ ഭാരത്താൽ മാനസം
കേഴുമ്പോഴും
ആദിമ സഭയെ അനുകരിച്ചീടാൻ
തിരുഹിതമെന്നും കാത്തിരുന്നീടാം
നിരന്തരം സ്തുതികളേകി ദൈവചിത്തം
അറിഞ്ഞീടുകിൽ
(സന്തോഷം...)

52

ബലിവേദിയിൽ ബലിയേകുവാൻ
വരുന്നു ഞാൻ
എൻ ജീവിതം നിൻ കൈകളിൽ
തരുന്നു ഞാൻ
നാഥാ യേശുനാഥാ ജീവിതേശാ സ്വീകരിക്കു

ഞാനെന്നെ മാത്രം സ്നേഹിച്ചു
ഞാനെന്ന ചിന്തയിൽ ജീവിച്ചു (2)
എന്നുള്ളവും എനിക്കുള്ളതും
പങ്കുവയ്ക്കാൻ മറന്നു പോയ് (2)
ദൈവമേ ഇന്നു ഞാൻ
സർവ്വവും നൽകിടാം
(ബലിവേദി...)

നാഥന്റെ നിണവും തിരുമെയ്യും
ഞാനിന്നു സാദരം ഉൾക്കൊള്ളും (2)
തൻ സ്നേഹവും കാരുണ്യവും
എന്റെ ഉള്ളിൽ നിറഞ്ഞിടും
ദൈവമെ നിൻബലം
എന്നുമെൻ ആശ്രയം
(ബലിവേദി...)

## 53

ഹൃദയപൂർവ്വം ക്ഷമിക്കുവാൻ നീ ഒരുക്കമാണൊ
സോദരാ
ഹൃദയഭാരം നീക്കുവാൻ നിൻ
നാഥനാഗതനായിതാ
ബന്ധനങ്ങൾ നീങ്ങുവാൻ
പൂർണ്ണ സൗഖ്യം നേടുവാൻ
പൂർണ്ണമായ് നിൻ ജീവിതം
തൃക്കരങ്ങളിലേകുവിൻ
(ഹൃദയപൂർവ്വം...)

ഞങ്ങളോടു തെററു ചെയ്തവരോടു ഞങ്ങൾ
ക്ഷമിച്ച
അപ്രകാരം ഞങ്ങൾക്കും മാപ്പു നൽകു ദൈവമെ
ഈ പ്രാത്ഥന ഉരുവിടുമ്പോൾ
ആത്മാത്ഥതയുണ്ടെങ്കിൽ
സത്യസന്ധതയോടെ നിൻ മനോഭാവം
മാററുവിൻ
(ഹൃദയപൂർവ്വം...)

നമ്മളിന്നു കാഴ്ചയേകാൻ
ദൈവ സന്നിധിയണഞ്ഞു
അർപ്പണം ചെയ്താശയോടെ
കാത്തു നിൽക്കു സാദരം
ഈ കാഴ്ചകളേകിടുമ്പോൾ
ആത്മാപ്പണമാണതെങ്കിൽ
ശത്രുവിൻെറയടുത്തു നീ പോയ്
സ്നേഹിതനായ് വരു
പോയി സ്നേഹിതനായ് വരു

## 54

കുടുംബം സ്വർഗ്ഗീയ പൂങ്കാവനം
പരിശുദ്ധ ത്രിത്വത്തിൻ പുണ്യഗേഹം
സുന്ദരസ്വപ്നങ്ങൾ പൂചൂടി നില്ക്കുന്ന
സ്വർഗ്ഗീയ സായൂജ്യ സന്നിധാനം

സ്നേഹവും ഐക്യവും പങ്കുവെച്ചീടുന്ന
ദൈവത്തിൻ മഹനീയ വിളിയല്ലോ
പ്രാർത്ഥനാ നിരതനായി യേശുവിൻ
ജീവിതം
സമർപ്പിച്ച സഹനത്തിൻ ബലിയാകണം
(കുടുംബം...)

സ്നേഹത്തിൽ വിരിയുന്ന പുഷ്പങ്ങളാകും
കുഞ്ഞുങ്ങളും ദൈവത്തിൻ ദാനമല്ലോ
സുഖദു:ഖമിടകലന്ന് ഒഴുകുമീ ജീവിതം
യേശുവിൽ ചേരുകിൽ എത്ര മോഹനം
കുരിശു ചുമക്കുന്നവരുടെ കൂടെ
ക്രിസ്തുവുമുണ്ടൊരുപോലെ
അനുതാപത്താലുരുകുന്നവരുടെ
ഹൃദയം അവനു ഗൃഹം പോലെ

## 55

ബലവാനായ ദൈവമേ പരിശുദ്ധൻ
പരിശുദ്ധൻ
കർത്താവായ ദൈവമേ പരിശുദ്ധൻ പരിശുദ്ധൻ
ആ... ആ... ആ...
വിണ്ടലനാഥാ ഓശാന... ഓശാന... ഓശാന...
മഹിതലനാഥാ ഓശാന... ഓശാന... ഓശാന...

സർവ്വചരാചര സ്രഷ്ടാവെ
പരിപാലകനേ വാഴ്ത്തിടാം
പരിശുദ്ധൻ... പരിശുദ്ധൻ...
പരിശുദ്ധൻ...

## 56

തന്നാലും നാഥാ ആത്മാവിനെ
ആശ്വാസദായകനേ
തന്നാലും നാഥാ നിൻ ജീവനേ
നിത്യ സഹായകനേ

അകതാരിലുണർവ്വിൻെറ പനനീരുതൂകി
അവിരാമമൊഴുകി വരൂ
വരദാന വാരിധേ ഫലമേകുവാനായ്
അനസ്യൂതമൊഴുകി വരൂ (തന്നാലും)

പാപവും പുണ്യവും വേർതിരിച്ചേകുന്ന
ജ്ഞാനമായ് ഒഴുകി വരൂ.
ആത്മീയ സന്തോഷം ദാസരിൽ നൽകുന്ന
സ്നേഹമായ് ഒഴുകി വരൂ

## 57

യേശുക്രിസ്തുവിന്നും ജീവിക്കുന്നു പര–
ലോകത്തിൽ ജീവിക്കുന്നു, ഇഹ–
ലോകത്തേക്കായവൻ വീണ്ടും വരും രാജ-
രാജനായ് വാണിടുവാൻ ഹാ

ഹല്ലേലുയ്യ, ജയം ഹല്ലേലുയ്യ, യേശു
കർത്താവു ജീവിക്കുന്നു ഹാ–ഹല്ലേലുയ്യ

യേശുക്രിസ്തുവിന്നും ജീവിക്കുന്നു തിരു–
വോസ്തിയിൽ ജീവിക്കുന്നു സ്വയം
ഭോജ്യമായ് നൽകി തൻ സ്നേഹിതരോടൊത്ത്
നിത്യം വസിച്ചിടുവാൻ–ഹാ ഹല്ലേലുയ്യ

യേശുക്രിസ്തുവിന്നും ജീവിക്കുന്നു സുവി-
ശേഷത്തിൽ ജീവിക്കുന്നു, ഇരുൾ-
മൂടും വഴികളിൽ മാനവരാശിക്കു
ദീപം പകർന്നിടുവാൻ- ഹാ ഹല്ലേലുയ്യ

യേശുക്രിസ്തുവിന്നും ജീവിക്കുന്നു, എൻെറ
ഹൃത്തിലും ജീവിക്കുന്നു, ഇനി
തന്നെ പിരിഞ്ഞൊരുജീവിതമില്ലെനി-
ക്കെല്ലാമെന്നേശുവത്രേ- ഹാ ഹല്ലേലുയ്യ

യേശുക്രിസ്തുവിന്നും ജീവിക്കുന്നു,തിരു-
സ്സഭയിൽ ജീവിക്കുന്നു, തൻെറ
ഭൗതിക ഗാത്രത്തിൻ ശീർഷനായി
തീർന്നുതാൻ
നിത്യം നയിച്ചിടുന്നു-ഹാ ഹല്ലേലുയ്യ

## 58

എൻപിതാവിൻ ഭവനത്തിൽ നിന്നകന്നു ഞാൻ
ഇങ്ങു ദൂരെയലഞ്ഞല്ലോ ഏറെനാളുകൾ
ഇന്നു തന്നെയണയും ഞാൻ പിതൃസന്നിധേ
അപരാധമേററു ചൊല്ലി മാപ്പിരന്നിടും
വത്സലനാം പിതാവിൻെറ നൻമൊഴികൾ
ഞാൻ
കേട്ടിടാതെൻ വഴിനോക്കി തിരിച്ചുപോയി
(വത്സ)

പിതൃസമ്പത്തഖിലവും സുഖംതേടി ഞാൻ
നശിപ്പിച്ചങ്ങലയുന്നു നിരാധാരനായ്
നിരാ...
വേലചെയ്യും ദാസർപോലും പിതൃഗേഹത്തിൽ
സുഖമായ് മേവിടുന്നു ദുഃഖമേശാതെ (വേല)
ഭവനം വിട്ടിറങ്ങിയ വിവേക ശൂന്യൻ
അലയുന്നു ദിനരാത്രം വിവശനായ് ...വിവ...
മടങ്ങുവാനാശയുണ്ട് മമ മനസ്സിൽ
മടിയുണ്ട് പിതാവിൻെറ മുഖത്തുനോക്കാൻ
മടങ്ങ...
മകനെന്നാനുപരിയായ് നിനച്ചീടുമാ
പിതാവിൻെറ കഴൽകെട്ടിപ്പുണർന്നീടേണം
(പുണർ)

59

എന്നേശുവെ നീ എത്ര നല്ലവൻ
നീയെത്ര കാരുണ്യവാൻ
നിൻ സ്നേഹമോർത്താലെന്തൊരത്ഭുതം
ഓ നിത്യമാം സ്നേഹമേ
സ്നേഹിതർക്കുവേണ്ടി സ്വന്തജീവനെ
ഏകിടുന്നതിൽപ്പരം സ്നേഹമോ
പാപിയായ മർത്ത്യനായ് പോലുമാ
ജീവനേകിടും, മഹൽ സ്നേഹമേ
വിൺമഹത്വമാകെ മാററി വച്ച നീ
മന്നിതിൻെറ മാലുകളം ഏററു നീ
മർത്ത്യ രൂപമാന്നു ദാസനായി നീ
മൃത്യു കൈവരിച്ചോരാ സ്നേഹമേ

## 60

എൻെറ പാപങ്ങളേററവനെ
എൻെറ ഭാരങ്ങരം ചുമന്നവനെ
എൻെറ രോഗങ്ങരം വഹിച്ചവനെ
എൻെറ വേദന സഹിച്ചവനേ

നിന്നെ വാഴ്ത്തുന്നു സ്തുതിപാടുന്നു
തിരുനാമമുയർത്തുന്നു
പുതുഗാനത്താൽ പുകളോതുന്നു
താവകകൃപകളുണർത്തുന്നു

നിൻെറ അടിപ്പിണരാലല്ലോ
സുഖമാർന്നതു മർത്യഗണം
തിരുമുറിവുകളാലല്ലോ
സുഖമരുളിയതീ മന്നിൽ

നിൻെറ തിരുനിണമതിനാലേ
രക്ഷ കൈവരിച്ചഖിലജനം
തവമരണതാലല്ലോ
നവ ജീവനേകിയതും

## 61

ഞാനെന്നും സ്തുതിക്കും എൻ പരനെ
തിരുവര സുതനെ ആനന്ദഗാനങ്ങരം
പാടിപ്പുകഴ്ത്തി ഞാനെന്നും സ്തുതിക്കും

1. പാപത്തിൻശാപത്തിൽനിന്നും എൻെറ
പ്രാണനെ കാത്തവനെന്നും–പാപ...
പാരിൽ തന്നൻപിനു തുല്ല്യമില്ലൊന്നും

2. ആയിരം നാവുകളാലും പതി-
നായിരം വാക്കുകളാലും–ആയി...
ആ ദിവ്യ സ്നേഹമവർണ്ണ്യമാരാലും

3. നിത്യത തന്നിൽ ഞാനെത്തും നിൻെറ
ദിവ്യപാദങ്ങൾ ഞാൻ മുത്തും–നിത്യ
ഭക്തിയിലാനന്ദ സംഗീതം മീട്ടി

## 62

ദൈവകൃപയിൽ ഞാനാശ്രയിച്ച്
അവൻ വഴികളെ ഞാനറിഞ്ഞ്
അനുഗമിച്ചിടും അവനുടെ ചുവടുകളെ (2)

1. ഇഹലോകമോ തരികില്ലൊരു
സുഖവും മനഃശാന്തിയതും–ഇഹ...
എൻെറ യേശുവിൻെറ തിരുസന്നിധിയിൽ
എന്നുമാനന്ദമുണ്ടെനിക്ക്–എൻെറ

2. എത്ര നല്ലവൻ മതിയായവൻ
എന്നെ കരുതുന്ന കർത്തനവൻ-എത്ര...
എൻെറ ആവശ്യങ്ങളെല്ലാമറിഞ്ഞിടുന്ന
ഏററമടുത്ത സഹായകൻതാൻ–എൻെറ...

3. എന്റെ ആയുസ്സിൻ ദിനമാകെയും
തന്റെ നാമമഹത്വത്തിനായ്-എന്റെ
ഒരു കൈത്തിരിപോൽ
കത്തിയെരിഞ്ഞൊരിക്കൽ
തിരുമാറിൽ മറഞ്ഞിടും ഞാൻ-ഒരു...

## 63

നാഥാ ശിഷ്യഗണത്തിൻമേൽ
വന്നുനിറഞ്ഞു വസിച്ചവനാം
ആശ്വാസക പരിശുദ്ധാത്മാ
ആരാധകരിലിറങ്ങട്ടെ

പരിശുദ്ധാത്മാവേ, വേഗം
പറന്നിറങ്ങണമേ
ഉന്നതമായ പ്രസാദവരങ്ങൾ
ദാസർക്കേകണമേ (2)

ആത്മാവിൻ പ്രഭ തൂകീടുവാൻ
സ്നേഹം പൊട്ടി വിടർന്നിടുവാൻ
പാവനറൂഹ ദാസർക്കായ്
സപ്തവരങ്ങൾ ചൊരിയട്ടെ
സത്യം നീതി ഗ്രഹിക്കാനായ്
പുതിയൊരു ജീവൻ പുൽകാനായ്
റൂഹാ തന്റെ വെളിച്ചത്താൽ
ദാസരിലെന്നും കനിയട്ടെ

## 64

ആന്തരിക സൗഖ്യമേകാൻ നീ വരണമെ
ദാവീദിൻ സുതനേ എന്നിൽ കനിവു തോന്ന
ണമേ
അമ്മതൻ ഉദരത്തിൽ ഞാൻ കിടന്നപ്പോഠം
അമ്മയിൽ ഭവിച്ച തിൻമകളെന്നിലുണ്ടെങ്കിൽ
അവയെല്ലാം നീക്കി എന്നിൽ മോചനം നൽകു
നിൻെറ ദിവ്യസ്പർശനത്താൽ സൗഖ്യവും നൽകു
(ആന്തരിക...)

ഗർഭത്തിൽ ഭ്രൂണമായ് വളർന്നകാലം
അമ്മയിൽ വന്നതാം കോപനീരസം
വൈര്യവും വെറുപ്പുമെന്നിൽ
നിറച്ചുവെങ്കിൽ
സർവ്വരോഗമോചക സൗഖ്യമേകണെ
(ആന്തരിക)

ഞാൻ പിറന്ന സ്വന്തം വീട്ടിൽവളർന്നപ്രായം
അന്നെനിക്ക് ലഭിക്കേണ്ട സ്നേഹവാത്സല്യം
പുൽക്കൂട്ടിൽ പിറന്നതാം ഉണ്ണിയേശുവേ
നിൻെറ സ്നേഹവാത്സല്യം നൽകിടുകെന്നിൽ
(ആന്തരിക)

വിദ്യതേടി സ്കൂളിലാദ്യം പോയനാളതിൽ
ഒരിക്കലും കണ്ടിടാത്ത ഗുരുഭൃതർതൻ
ശിക്ഷണങ്ങളേറ്റുഞാൻ തളർന്നുവെങ്കിൽ
ഗുരുഭൃതനേശുവേ രക്ഷയേകണമെ
(ആന്തരിക)

കൗമാര പ്രായത്തിൽ ഞാൻ കടന്നപ്പോരം
എൻമെയ്യിൽ വന്നതാം വ്യതിയാനങ്ങരം
നാണവും ഭീതിയും വളർത്തിയെങ്കിൽ
നൻമപൂരിത! സർവ്വം തൊട്ടുനീക്കണമെ
(ആന്തരിക)

യൗവ്വനത്തിൽ തിളപ്പിൽ ഞാൻ
ചിന്തയില്ലാതെ
കാമ, മോഹ വലയത്തിൽ
വീണലഞ്ഞപ്പോരം
ആ കുററബോധങ്ങരം രോഗമായെങ്കിൽ
നിൻദിവ്യസ്നേഹത്താൽ സൗഖ്യമേകണമേ

അച്ഛനമ്മമാരിൽനിന്നും സ്നേഹമില്ലാതെ
ആർക്കുമെന്നെ ഇഷ്ടമില്ല എന്ന തോന്നലും
ആധിയും വ്യാധിയും വിതച്ചുവെങ്കിൽ
ആശ്വാസദായക സൗഖ്യമേകണമെ
(ആന്തരിക)

ഈ ഉലകിൽ നഷ്ടമായ സ്നേഹമൊക്കെയും
ഈ നിമിഷം ചൊരിഞ്ഞെന്നെ
ധന്യമാക്കേണമെ
നിൻെറ സ്നേഹസാഗരത്തിൽ മുങ്ങിടട്ടെ
ഞാൻ നിത്യമായ മോചനം നേടിടട്ടെ
ഞാൻ (ആന്തരിക)

നീ എനിക്ക് ജീവിതത്തിൽ തുണയായ് തന്ന
ഇണയെ നിൻ കരങ്ങളിൽ സമർപ്പിക്കുന്നു
പരസ്പരം കുറവെല്ലാം ക്ഷമിച്ചു മോദാൽ
നിൻഹിതം പോൽ ജീവിക്കാൻ ശക്തിയേ
കണമെ.

## 65

അനുഗ്രഹത്തിൻ അധിപതിയെ
അനന്തകൃപ പെരുംനദിയെ
അനുദിനം നിൻപദം ഗതിയേ
അടിയന് നിൻ കൃപ മതിയേ

അനുഗ്രഹ...

വൻവിനകൾ വന്നീടുകിൽ
വലയുകയില്ലെൻ ഹൃദയം
വല്ലഭൻ നീ എന്നഭയം
വന്നീടുമോ പിന്നെഭയം (2)

അനുഗ്രഹ....

തിരുക്കരങ്ങൾ തരുന്ന നല്ല
ശിക്ഷയിൽ ഞാൻ പതറുകയില്ല (2)
മക്കളെങ്കിൽ–ശാസനകൾ
സ്നേഹത്തിൻ പ്രകാശനങ്ങൾ.

(ഹെബ്രായ 12: 6)

അനുഗ്രഹ...

## 66

നന്ദി ദൈവമെ നന്ദി ദൈവമെ
നിത്യവും നിത്യവും നന്ദി ദൈവമെ
അങ്ങു തന്ന ദാനത്തിന് നന്ദിയേകിടാം
അങ്ങു തന്ന സ്നേഹത്തിന് നന്ദിയേകിടാം
നന്മരൂപനെ നല്ല ദൈവമേ

അങ്ങു തന്ന മോദത്തിന് നന്ദിയേകിടാം
അങ്ങു തന്ന ദുഃഖത്തിന് നന്ദിയേകിടാം
നന്മരൂപനെ നല്ല ദൈവമേ

ലാഭ നഷ്ടമെന്തിനും നന്ദിയേകിടാം
നേട്ടം കോട്ടം എന്തിനും നന്ദിയേകിടാം
നന്മരൂപനെ നല്ല ദൈവമേ

ബുദ്ധിജ്ഞാനം ശക്തിക്കായ് നന്ദിയേകിടാം
സിദ്ധി മുക്തി തൃപ്തിക്കായ് നന്ദിയേകിടാം
സ്നേഹരൂപനെ സർവ്വശക്തനെ

കാഴ്ച തന്ന നാഥന് നന്ദിയേകിടാം
കേൾവി തന്ന നാഥന് നന്ദിയേകിടാം
കരങ്ങൾ കൂപ്പിടാം നന്ദിയേകിടാം

## 67

പെററമ്മയേക്കാൾ സ്നേഹിക്കും ദൈവമേ
നീയെത്ര കാരുണ്യവാൻ-എൻ
പേരും രൂപവും ചൊല്ലി വിളിക്കുന്ന
നീയെന്നും മതിയായവൻ

നിൻ മുഖഛായയിൽ സൂക്ഷ്മമായി
നിൻ കരത്താലെന്നെ മെനഞ്ഞെടുത്തു
ആത്മാവും ജീവനും നീ പകർന്നു
എന്നെ ജനിപ്പിച്ചു ഈ ധരയിൽ

പാറ പോലെന്നുള്ളം കഠിനമായാൽ
മാംസളമായവ മാററുന്ന നീ
കുററങ്ങളെന്തു ഞാൻ ചെയ്തിടിലും
മാപ്പേകി എന്നെ നീ സ്നേഹിക്കുന്നു

എന്തു ഞാൻ ചിന്തിക്കും മുമ്പു തന്നെ
എല്ലാമറിഞ്ഞു നീ ചെയ്തിടുന്നു
ആദിയും അന്തവും അറിയുന്ന നീ
ശാശ്വത പാതെ നയിക്കുന്നെന്നെ

## 68

1. ദൈവമേ നിൻെറ സ്നേഹമാർന്നുള്ള
കൈകളിലെന്നെ നൽകുന്നു
നിൻ ചിറകിൻെറ കീഴിലായെന്നെ
നിത്യവും കാത്തുകൊള്ളണേ

2. നിൻെറ തൂമുഖം കാണുവാനിന്നു
എന്നെയങ്ങു വിളിക്കുകിൽ
പുഞ്ചിരിച്ചു കൊണ്ടങ്ങേ സന്നിധി
പൂകുവാൻ കൃപയേകണെ

3. മറെറാരു ദിനം നിൻ മഹിമകൾ
പാടുവാനങ്ങു നൽകുകിൽ
വിശ്രമം തന്ന് സൗഖ്യവും തന്ന്
ശക്തിയും തന്നരുളേണം

## 69

ആഴങ്ങളാം തേടുന്ന ദൈവം
ആത്മാവേ നേടുന്ന ദൈവം
ആഴത്തിൽ അനന്തമാം
ദൂരത്തിൽ നിന്നെന്റെ, അന്തരംഗം കാണും
ദൈവം

കര തെററി കടലാകെ ഇളകുമ്പോഴും
അഴലുമ്പോഴും
കര പററി അണയുമെൻ ചാരേ
തകരുന്ന തോണിയും ആഴിയിൽ
താഴാതെ
കരപററാൻ കരം നൽകും ദൈവം

ഉയരത്തിൽ ഉലഞ്ഞിടും തരുക്കളിൽ
ഒളിക്കുമ്പോഴും
ഉയർന്നെന്നെ ക്ഷണിച്ചീടും സ്നേഹം
കനിഞ്ഞെന്റെ വിരുന്നിനു മടിക്കാതെൻ
ഭവനത്തിൽ
കടന്നെന്നെ പുണർന്നീടും ദൈവം

മനം നൊന്തു കണ്ണുനീർ തരംഗമായ്
തൂകുമ്പോഴും
ഘനമുള്ളെൻ പാപങ്ങളാം മായ്ക്കും
മനം മാററും ശുദ്ധമായ് ഹിമം പോലെ
വെണ്മയായ്
കനിവുള്ളെൻ നിത്യനാം ദൈവം

പതിർ മാററി വിളവേൽക്കാൻ
യജമാനനെത്തുമ്പോരം
കതിർ കൂട്ടി വിധിയോത്തും നേരം
അവനവൻ വിതറുന്ന വിത്തിൻ പ്രതിഫലം
അവനായളന്നീടും ദൈവം (2)

## 70

വൻ പാപഭാരത്താൽ തളന്നവൻ ഞാൻ
അപരാധബോധത്താൽ കുനിഞ്ഞവൻ ഞാൻ
അനുതാപക്കണ്ണീരിൽ കുതിർന്നവൻ ഞാൻ
പരനേശു സന്നിധിയണഞ്ഞൊരു നാരം
കരതാരു നീട്ടിയെൻ തനു പുണർന്നു
തൻെറ
കരപല്ലവത്തിൽ ഞാനമർന്നു നിന്നു
ഒരു പുത്തൻ സൃഷ്ടിയായ് ഞാൻ
പകന്നു തൻെറ
കരുണാകടാക്ഷത്തിനൊളി നുകന്നു
വരദേവൻ അന്നെന്നെ തഴുകിയപ്പോരം ഞാനാ
സുരലോക കാന്തിയിൽ മുഴുകി നിന്നു,
ഒരു നവ്യ സന്തോഷം മനം നിറഞ്ഞ് അപ്പോരം
പരിപൂർണ്ണ സൗഖ്യവും ഞാനണിഞ്ഞു.
അമൃതവർഷം പോലെയൊഴുകി വീഴും
തൻെറ
വചനങ്ങരം കേട്ടു ഞാൻ തരിച്ചു നിന്നു.

അറിയാതെൻ കണ്ണുകരം തുളമ്പി നിന്നു
ദേവൻ
കരുണാമയൻ എന്നിൽ കുളിർ പകന്നു.

വരജീവനാഥനെൻ കറ കഴുകി, തൻെറ
രുധിരം ചൊരിഞ്ഞെന്നെ കരകയററി
തവസ്നേഹകാരുണ്യം പുകഴ്ത്തിയെന്നും
തൻെറ
മഹിമാതിരേകങ്ങരം പാടിടാം ഞാൻ

## 71

അരൂപിയാൽ നിറയാൻ കവിയാൻ
വരുന്നിതാ ഞങ്ങരം
അരൂപിതൻ വരവും കൃപയും
കരുത്തുമേകണമേ
അനാഥരായ് വിടുകില്ല
അറിഞ്ഞുകൊള്ളു നിങ്ങരം
അയച്ചിടും മമ താതൻ
സത്യാത്മാവിനെയെന്നും
സഹായകൻ അണയുമ്പോരം
സദാ വസിച്ചവനുള്ളിൽ
അനുസ്മരിപ്പിച്ചിടും അനന്തമാമെൻ വചനം
അസ്വസ്ഥരായലയാതെ
ഭയം വെടിഞ്ഞുണരേണം
പ്രശാന്തി ഞാൻ പകരുന്നു
പ്രമോദ മാനസരാകൂ

## 72

എല്ലാ സ്നേഹത്തിനും ഏററം യോഗ്യനവൻ
നല്ല ദൈവമേ നന്മ സ്വരൂപാ
എല്ലാ സൃഷ്ടികളേക്കാളുമുപരിയായി
നിന്നെ സ്നേഹിച്ചിടുന്നിതാ ഞാൻ

എൻെറ സ്രഷ്ടാവാം രക്ഷനാഥനെ, ഞാൻ
മുഴുവാത്മാവും ഹൃദയവുമായി
മുഴുമനമോടേയും സർവ്വശക്തിയോടും
സദാ സ്നേഹിച്ചിടും മഹിയിൽ

വല്ല പാപത്താലെ നിന്നെ ദ്രോഹിച്ചീടാൻ
വല്ലഭാ അനുവദിക്കരുതേ
നിന്നോടെളിയോരേററം ചെയ്യുന്നതിനു മുമ്പേ
നഷ്ടമാക്കിടും അഖിലവും ഞാൻ

## 73

സീയോൺ യാത്രയതിൽ
മനമേ ഭയമൊന്നും വേണ്ടിനിയും

അബ്രഹാമിൻ ദൈവം
ഇസഹാക്കിൻ ദൈവം
യാക്കോബിൻ ദൈവം
കൂടേയുള്ളതാൽ

1. ലോകത്തിൻ ദൃഷ്ടിയിൽ ഞാൻ
ഒരു ഭോഷനായി തോന്നിയാലും
ദൈവത്തിൻ ദൃഷ്ടിയിൽ ഞാൻ
എന്നും ശ്രേഷ്ഠനായ് മാറിടുമേ

2. ലോകത്തിൻ ആശ്രയമേ
ഇനി വേണ്ട നിശ്ചയമായ്
ദൈവത്തിൻ ആശ്രയമേ
അത് ഒന്നെനിക്കാശ്രയമേ

3. ഒന്നിനെക്കുറിച്ചിനിയും
എനിക്കാകുല ചിന്തയില്ല
ജീവമന്ന തന്നവനെന്നും
ക്ഷേമമമായ് പാലിക്കുന്നു.

4. പ്രതികൂല കാററടിച്ച്
എൻ പടവിനെ തകർത്തിടുമ്പോൾ
സത്യമായ് വിളിച്ചിടുമ്പോൾ
എൻ രക്ഷകൻ പടവിലുണ്ട്

## 74

പാവനാത്മൻ ദൈവമെന്നെ നയിച്ചിടുമ്പോൾ
അനുദിനം അതിശയംകണ്ടിടുന്നു ഞാൻ
ഹല്ലേലൂയ (3)
എന്നിൽ വാഴും ദിവ്യാത്മാവേ ഹല്ലേലൂയ
പുലരിയിൽ മുദലമായ് ഉണർത്തിടുന്ന
ചെവികളിൽ ദിവ്യ സ്വരം മുഴക്കിടുന്ന

ശിഷ്യത്വത്തിൻ വഴികളിൽ വളർന്നിടുവാൻ
പാവനാത്മൻ ദൈവമെന്നെ തുണച്ചിടുന്നു
ഹല്ലേലൂയ (3)
എന്നിൽ വാഴും ദിവ്യാത്മാവേ ഹല്ലേലൂയ
ഇടംവലം തിരിഞ്ഞു ഞാനലഞ്ഞിടു
മ്പോഴും
അപകട വഴികളിൽ ചരിച്ചിടുമ്പോഴും
അരുതെന്നു ചൊല്ലിയെന്റെ വഴി
തിരുത്തി
പാവനാത്മൻ ദൈവമെന്നെ നടത്തിടുന്നു
ഹല്ലേലൂയ (3)
എന്നിൽ വാഴും ദിവ്യാത്മാവേ ഹല്ലേലൂയ
എൻ മനസ്സിൽ ഭീരുത്വവും ഭീതിയും നീക്കി
ഉള്ളിന്നുള്ളിൽ ആബാ എന്നു വിളിക്കാനോതി
ദൈവമക്കളെന്ന പുത്രൻ പദവി നൽകി
പാവനാത്മൻ ദൈവമെന്നെ ഉയർത്തിടുന്നു
ഹല്ലേലൂയ
എന്നിൽ വാഴും ദിവ്യാത്മാവേ
ഹല്ലേലൂയ

**75**

സ്നേഹമായ ദൈവമേ
സ്നേഹിക്കുന്ന ദൈവമേ
കാത്തിടുന്ന ദൈവമേ
കരുണകാട്ടും ദൈവമേ

വാഴ്ത്തിടുന്നു നിന്നെ ഞാൻ
സ്നേഹിക്കുന്നു നിന്നെ ഞാൻ (2)
ചേർത്തിടുന്നു നിന്നിലെൻ
ആശയും പ്രത്യാശയും (സ്നേഹ...)

കണ്ടിടുന്നു നിന്നെ ഞാൻ
ജീവിതത്തിൻ കേന്ദ്രമായ്
തേടിടുന്നു നിന്നെയെൻ
ജീവിതത്തിനന്ത്യമായ് (സ്നേഹ...)

എൻെറ ദൗർബല്യങ്ങളിൽ
ശക്തിയേകാൻ വന്നിടൂ (2)
എൻ മനസ്സിൽ കോവിലിൽ
ദൈവമായ് വസിച്ചിടൂ (സ്നേഹ...)

## 76

ക്ഷമിക്കുന്ന സ്നേഹം ദൈവികഭാവം
നാഥൻ കൊതിക്കും സ്വഭാവം
ക്ഷമിക്കുന്ന സ്നേഹം സ്വർഗ്ഗീയദാനം
മന്നിൽസമാധാന മാർഗ്ഗം

ഏഴേഴ് എഴുപതെന്നാലും
ഏതേത് ദ്രോഹമെന്നാലും
എന്തും മറന്നൊന്നു ചേരാൻ നമു
ക്കീശൻെറ മനസ്സോടു ചേരാം
ഈശൻെറ മനസ്സോടു ചേരാം

ശാപം ചൊരിഞ്ഞിടുവോരിൽ
സ്നേഹം തിരിച്ചൊഴുക്കേണം
ദൈവം പൊറുക്കുന്ന പോലെ നമു-
ക്കപരന്റെ പാപം ക്ഷമിക്കാം
അപരന്റെ പാപം ക്ഷമിക്കാം
ക്രൂശിൽ നാഥനണക്കും
യാഗം ഫലമണിഞ്ഞിടാൻ
മാപ്പേകിയോതുന്ന വാക്യം നമു-
ക്കന്യോന്യമേററു ചൊല്ലാം
അന്യോന്യമേററു ചൊല്ലാം

## 77

രക്ഷകനേശുവേ എന്നിൽ വന്നിടണേ
എൻ മനസ്സിലെ ഭാരങ്ങളും ദുഃഖങ്ങളും
നീയകററിടണേ

ആദികാലം മുതൽ ഊറിനിന്നിടുന്ന
ഭീതി, ഉൽകണ്ഠ, തിന്മ, നിരാശകൾ
ആശയാക്കിടണേ

കോപനീരസങ്ങളും, ദ്വേഷ്യവൈരാഗ്യങ്ങളും
സർവ്വവുമെന്റെ ഹൃത്തിൽ നിന്നൂററി നീ
സ്നേഹം നിറക്കണേ

നിന്നെമറന്നു ഞാൻ വീണ്ടും വീണ്ടും ചെയ്ത
ദുഷ്പ്രവൃത്തിതൻ പ്രേരണ നീക്കി നീ
ശുദ്ധനാക്കണമേ.

## 78

റൂഹയിൽ ഞാൻ സ്നാനം ചെയ്തു
ഹല്ലേലൂയ പാടാം–ഹല്ലേലൂയ്യ–3
പാടാം, ഹല്ലേലൂയ്യ പാടാം
വരങ്ങളെന്നിൽ നിറഞ്ഞൊഴുകി-
അത്ഭുതം ഞാനിന്നു കണ്ടു-
റൂഹാതന്റെ ഫലങ്ങളേകി
പാപമെല്ലാം നീങ്ങിയെന്നിൽ
താപമെല്ലാം മാറിയല്ലോ
ആനന്ദത്താൽ ആറാടി ഞാൻ
രോഷമെന്നിൽ ലേശമില്ല
ഭീതിയെന്നിൽ നിന്നു നീങ്ങി
സ്നേഹത്തിൽ ഞാൻ മുങ്ങിടുന്നു
ശാന്തിയിൽ ഞാൻ നീന്തിടുന്നു
പാടുകനാം മോദമോടെ
താള മേള ലയങ്ങളോടെ
ദൈവത്തിന് സ്തോത്രമെന്നും
എന്നുമെന്നും ജീവിതത്തിൽ
ഒന്നു ചേർന്ന് യേശുവിനായ്

## 79

സ്തുതിപ്പിൻ സ്തുതിപ്പിൻ നന്മസ്വരൂപനാം
കർത്താവിനെ സ്തുതിപ്പിൻ
സർവ്വലോകങ്ങളും രാജാധിരാജനാം
കർത്താവിനെ സ്തുതിപ്പിൻ

തൻതിരു മന്ദിരം തന്നിലായ് നിത്യവും
കർത്താവിനെ സ്തുതിപ്പിൻ
വാനവിതാനത്തിൽ ശക്തി പ്രതാപനാം
കർത്താവിനെ സ്തുതിപ്പിൻ
വീര്യ പ്രവൃത്തികൾ ചെയ്ത മഹോന്നത
കർത്താവിനെ സ്തുതിപ്പിൻ
എങ്ങും നിറഞ്ഞിടും തൻ മഹത്വങ്ങളാൽ
കർത്താവിനെ സ്തുതിപ്പിൻ
ആർപ്പുകളാരവ കാഹളനാദമായ്
കർത്താവിനെ സ്തുതിപ്പിൻ
വീണകൾ കിന്നര നാദങ്ങളോടെയും
കർത്താവിനെ സ്തുതിപ്പിൻ
തപ്പുകൾ മദ്ദള താളമേളങ്ങളാൽ
കർത്താവിനെ സ്തുതിപ്പിൻ
ഇമ്പമെഴും തന്ത്രി നാദങ്ങളാലെയും
കർത്താവിനെ സ്തുതിപ്പിൻ
കൈത്താളമോടെയും കൈകൊട്ടിപ്പാടിയും
കർത്താവിനെ സ്തുതിപ്പിൻ
സർവ്വചരാചര ജീവജാലങ്ങളെ
കർത്താവിനെ സ്തുതിപ്പിൻ

## 80

ആകാശത്തിൻ കീഴിൽ വേറൊരു
നാമമില്ലല്ലോ—യേശുനാമമല്ലാതെ
യേശുനാമമല്ലാതെ

മാനവ രക്ഷയ്ക്കൂഴിയിൽ വേറൊരു
നാമമില്ലല്ലോ-യേശുനാമമല്ലാതെ
യേശുനാമമല്ലാതെ

പറുദീസായിൽ ദൈവം തന്നൊരു
രക്ഷാവാഗ്ദാനം—യേശുനാഥനല്ലയൊ
പ്രവാചകന്മാർ മുന്നെ ചൊന്നൊരു
രക്ഷാസന്ദേശം-യേശുനാഥനല്ലയോ

ദൈവം മാനവ രക്ഷയ്ക്കായി തന്നൊരു നാമമെ
യേശുവെന്നൊരു നാമമേ
ഭൂലോകങ്ങളാം മുട്ടുമടക്കും
ഉന്നത നാമമേ യേശുവെന്നൊരു നാമമേ

മറ്റൊരുവനിലും രക്ഷയതില്ല
യേശുവിലല്ലാതെ ഏകരക്ഷകനവനല്ലോ
യേശുവിലുള്ളൊരു വിശ്വാസത്തിൽ
രക്ഷ വരിച്ചീടാം, നിത്യരക്ഷ വരിച്ചീടാം

വഴിയും സത്യവും ജീവനുമേശു
മാത്രമല്ലയോ— പരനേക മദ്ധ്യസ്ഥൻ
താതന്നരികിൽ ചെല്ലാനുള്ളൊരു
വഴിയല്ലോ യേശു, ഏകവഴിയല്ലോ യേശു

## 81

സത്യദൈവ സൂനുവെ, നിത്യ സ്നേഹരൂപനേ
യേശുവേ (2) കൈതൊഴുന്നേനങ്ങെ
സർവ്വലോക നായക, മർത്ത്യ ലോക ത്രാണക
നന്മപൂർണ്ണപാലകാ, ചിന്മയാമഹേശ്വരാ
ലോകത്തിൻ പ്രകാശമെ, നാകത്തിൻ
പ്രമോദമേ

ശാന്തശീലനേശുവേ ശാന്തി തൻ
നികേതനേ
ആനന്ദസ്വരൂപനേ, ആകുലർക്കാലംബമേ
ദിവ്യജീവദായകാ, ഭാവുക പ്രദായക
സ്നേഹരാജരാജനേ, ശാശ്വത സൗഭാഗ്യമേ

## 82

യേശുവേയെൻ ജീവനെ നമോ നമോ (2)
ശാശ്വതം വരജീവനേകിടും ദൈവസൂനുവേ
നീ വാവാ വാനോർ വാഴ്ത്തും നായക
ഞങ്ങളിൽ വാവാ വാനോർ വാഴ്ത്തും
നായക
യേശുവേയെൻ നാഥനെ നമോ നമോ (2)
മാനവർക്കെന്നും മോചനമരുളും ദയാകരാ
യേശുവേയെൻ രക്ഷകാ നമോ നമോ (2)
സർവ്വവും ഭരിച്ചിടുന്ന സുരലോക നാഥനേ
യേശുവേയെൻ ലക്ഷ്യമേ നമോ നമോ (2)
സർവ്വജാതികളെന്നും തേടുന്ന
മോക്ഷഭാഗ്യമേ
യേശുവേയെൻ മാർഗ്ഗമേ നമോ നമോ (2)
നേർവഴി നയിച്ചിടുന്ന പരലോക ദീപമേ

## 83

യേശു എന്നൊരു മധുരനാമത്തെ
മനസ്സിൽ ഞാനെന്നും പൂജിക്കും
യേശുവേ നിൻെറ രൂപം മാത്രമേ
എൻെറ കണ്ണുകൾ കാണാവൂ
യേശുവേ നിൻെറ ശബ്ദം മാത്രമേ
എൻെറ കർണ്ണങ്ങൾ കേൾക്കാവൂ
യേശുവേ നിൻെറ വഴികൾ മാത്രമേ
എൻെറ പാദങ്ങൾ തേടാവൂ
യേശുവേ നിൻെറ കർമ്മം മാത്രമേ
എൻെറ കൈകളും ചെയ്യാവൂ
യേശുവേ നിൻെറ സ്തുതികൾ മാത്രമേ
എൻെറ നാവിലും പാടാവൂ
യേശുവേ നിൻെറ സ്നേഹം മാത്രമേ
എൻെറ മാനസം തേടാവൂ
യേശുവേ നിൻെറ രാജ്യം മാത്രമേ
എന്നുള്ളിലെന്നും വാഴാവൂ
യേശുവേ നിൻെറ ചിത്തം മാത്രമേ
എങ്ങും ഞാനെന്നും തേടാവൂ
യേശുവേ നിൻെറ രാഗം മാത്രമേ
എൻെറ വീണയിൽ മീട്ടാവൂ
യേശുവേ നിൻെറ വചനം മാത്രമേ
എൻെറ ഭാഗ്യമായ് തോന്നാവൂ

## 84

യേശു നല്ലവൻ അവൻ വല്ലഭൻ
അവൻ ദയയോ എന്നുമുള്ളത്
പെരുവെള്ളത്തിൻ ഇരച്ചിൽ പോലെ
സ്തുതിച്ചിടുക നാം അവന്റെ നാമം

ഹല്ലേലൂയ്യ ഹല്ലേലൂയ്യ (2)
മഹത്വവും ജ്ഞാനവും സ്തോത്രവും
ബഹുമാനം
ശക്തിയും ബലവുമെന്നേശുവിന്

ഞാൻ യഹോവയ്ക്കായ് കാത്തുകാത്തല്ലോ
അവനെങ്കലേക്ക് ചാഞ്ഞുകേട്ടല്ലോ
നാശകരമാം കുഴിയിൽ നിന്നും
കുഴഞ്ഞ ചേററിൽ നിന്നും കയററി

എൻ കാൽകളെ പാറമേൽ നിർത്തി
എൻ ഗമനത്തെ സുസ്ഥിരമാക്കി
പുതിയൊരു പാട്ടെനിക്കു തന്നു
എൻ കർത്താവിന് സ്തുതികരം തന്നെ

എന്റെ കർത്താവേ എന്റെ യഹോവേ
നീ ഒഴികെ എനിക്കൊരു നന്മയുമില്ല
ഭൂമിയിലുള്ള വിശുദ്ധന്മാരോ
അവർ എനിക്ക് ശ്രേഷ്ഠന്മാർ തന്നെ

## 85

യേശുവേ രക്ഷാദായകാ
നിൻെറ സന്നിധേ വരുന്നു
എൻെറ പാപഭാരവുമായ്
വല്ലഭാ ഏകു രക്ഷയെ

ഉന്നതി വെടിഞ്ഞവനെ
മന്നിൽ താണു വന്നവനെ
എനിക്കായിട്ടല്ലയോ
ക്രൂശതിൽ ജീവനെ തന്നത്

പാപം ചെയ്തിടാത്തവനേ
പരിക്ഷീണനായവനേ
എനിക്കായിട്ടല്ലയോ
ക്രൂശതിൽ ദാഹിച്ചു കേണത്

ശാപരോഗമേററവനെ
പാപമായി തീർന്നവനെ
എനിക്കായിട്ടല്ലയോ
ക്രൂശതിൽ ദാഹിച്ചു കേണത്

എൻെറ രോഗം നീ വഹിച്ചു
എൻെറ ശാപം നീക്കിയല്ലോ
നിനക്കായിട്ടെന്നെന്നും
ഞാനിനി ജീവിക്കും നിശ്ചയം

സ്വീകരിക്ക എന്നെയിന്ന്
ആത്മദേഹി ദേഹത്തെയും
തരുന്നു നിൻ കൈകളിൽ
തീർക്ക എന്നെ നിൻെറ ഹിതം പോൽ

## 86

നമ്മുടെ ദൈവമിതാ, നമ്മോടു കൂടെയിതാ
ഈ അംത്താരയിൽ ഈ തിരുവോസ്തിയിൽ
നമ്മുടെ ഇടയനിതാ

ഒരു ദൈവം തന്റെ ജനത്തിന്റെ കൂടെ
പാർക്കാനിറങ്ങി വന്നു
തന്റെ ജനത്തോടു കാട്ടിയൊരുംപ്രിയം
ഇന്നും തുടിക്കുന്നീ കൂദാശയിൽ

മരുഭൂവിൽ മന്ന പൊഴിച്ചവൻ തന്നെ
ജീവന്റെ അപ്പമായി
തന്റെ ജനത്തിന് ജീവനായ് തീർന്നവൻ
ഇന്നും വസിക്കുന്നീ കൂദാശയിൽ

## 87

നാഥാ സമർപ്പിക്കുന്നു, എന്നെ സമർപ്പിക്കുന്നു
പൂർണ്ണമായർപ്പിക്കുന്നു, കാഴ്ചയായർപ്പിക്കുന്നു.

1. നാഥാ നീ കൈക്കൊള്ളണേ എന്നെ നീ
കൈക്കൊള്ളണേ
പൂർണ്ണമായ് കൈക്കൊള്ളണേ യാഗമായ്
കൈക്കൊള്ളണേ

2. നാഥാ നീ മാറേറണമേ എന്നെ നീ
മാറേറണമേ
പൂർണ്ണമായ് മാറേറണമേ, അങ്ങേതായ്
മാറേറണമേ

## 88

നിർമ്മലമായൊരു ഹൃദയമെന്നിൽ
നിർമ്മിച്ചരുളുക നാഥാ
നേരായൊരു നൽമാനസവും
തീർത്തരുളുകെന്നിൽ ദേവാ

1. തവ തിരുസന്നിധി തന്നിൽ നിന്നും
തള്ളിക്കളയരുതെന്നെ നീ
പരിപാവനനെയെന്നിൽ നിന്നും
തിരികെയെടുക്കരുതെൻ പരനെ

2. രക്ഷദമാം പരമാനന്ദം നീ
വീണ്ടും നൽകണമെൻ നാഥാ
കന്മഷമിയലാതൊരു മനമെന്നിൽ
ചിന്മയാരൂപ തന്നിടുക

## 89

നിൻദാനം ഞാൻ അനുഭവിച്ചു
നിൻ സ്നേഹം ഞാൻ രുചിച്ചറിഞ്ഞു
യേശുവെ എൻ ദൈവമേ
നീയെന്നും മതിയായവൻ

1. യേശു എനിക്കു ചെയ്ത
നന്മകൾ ഓർത്തിടുമ്പോൾ
നന്ദി കൊണ്ടെൻ മനം പാടിടുമേ
സ്തോത്രഗാനത്തിൻ പല്ലവികൾ

2. ദൈവമേ നിൻെറ സ്നേഹം
എത്രനാറം തള്ളി നീക്കും
അന്നു ഞാനനന്യനായ് അനാഥനായ്
എന്നാൽ ഇന്നോ ഞാൻ ധന്യനായ്

3. എൻ ജീവൻ പോയെന്നാലും
എനിക്കതിൽ ഭാരമില്ല
എൻെറ ആത്മാവിനു നിത്യ ജീവൻ
എൻെറ യേശു ഒരുക്കിയല്ലോ

4. നിത്യത ഓർത്തിടുമ്പോറം എൻ
ഹൃത്തടം ആനന്ദിക്കും
സ്വർഗ്ഗീയ സന്തോഷ ജീവിതം
വിശ്വാസക്കണ്ണാൽ ഞാൻ കണ്ടിടുന്നു

## 90

സർവ്വവും യേശുനാഥനായ് സമർപ്പണം
ചെയ്തിടുന്നു സ്നേഹമോടെ ഞാൻ
എൻെറ ദേഹവും എൻെറ ദേഹിയും
നീയെനിക്ക് തന്നതൊക്കെയും സർവ്വ...
എൻെറ ജീവനും എൻെറ സ്നേഹവും-
എൻെറ ചിന്തയും എൻെറ ബുദ്ധിയും
എൻെറ ഹൃത്തടം, എൻെറ മാനസം
എൻെറ ഇച്ഛയും എൻ പ്രതീക്ഷയും
എൻെറ ശക്തിയും എൻെറ സിദ്ധിയും
എൻെറ സൗഖ്യവും എൻെറ രോഗവും
എൻെറ ദുഃഖവും എൻെറ മോദവും
എൻെറ ആശയും എൻ നിരാശയും
എൻെറ ആധിയും എൻെറ വ്യാധിയും

## 91

സ്നേഹപിതാവിൻ ഭവനമിതിൽ
പരിശുദ്ധമാകും അറംത്താരയിൽ
അനുതാപമേറും ഹൃദയവുമായ്
അണയുന്നു സ്നേഹവിരുന്നിന്നായ്

കാൽവരി മലയിലെ യാഗബലി
അർപ്പിച്ചിടാൻ ഞങ്ങളണയുന്നു-2
ജീവിത ഭാരവും സുഖവും ദുഃഖവും
സ്വീകരിക്കേണമേ സ്നേഹനാഥാ

ജീവൻെറ നാഥനോടൊന്നായിന്ന്
ജീവൻെറ പാതയെ പുൽകിടുവാൻ
പ്രാർത്ഥനാ ദീപങ്ങൾ കൈകളിലേന്തി
നിൽക്കുന്നു മക്കൾ പിതൃസവിധേ-2

## 92

കർത്താവിലെന്നും എൻെറ ആശ്രയം
കർത്തൃസേവയൊന്നാണെൻ ജീവിതം

കഷ്ടമോ നഷ്ടമോ എന്തുവന്നീടിലും
കർത്താവിൻ പാദം ചേർന്നു പോകും ഞാൻ

ആർത്തുപാടി ഞാൻ ആനന്ദത്തോടെ
കീർത്തനം ചെയ്തെന്നും വാഴ്ത്തുമേശുവേ
ആർത്തു...

ഇത്രനൽ രക്ഷകൻ വേറെയില്ലൂഴിയിൽ
ഹല്ലേലുയ്യ പാടും ഞാൻ - (ഇത്ര നൽ)

തൻ സ്വന്തജീവൻ തന്ന രക്ഷകൻ
തള്ളുകില്ല ഏതു ദുഃഖനാളിലും
തൻ തിരുകൈകളാൽ താങ്ങി നടന്നിടും
തൻ സ്നേഹം ചൊല്ലാൻ പോരാ വാക്കുകൾ

വിശ്വാസത്താൽ ഞാൻ യാത്രചെയ്യുമെൻ
വീട്ടിലെത്തുവോളം ക്രൂശിൻപാതയിൽ
വൻ തിര പോലോരോ ക്ലേശങ്ങൾ വന്നാലും
വല്ലഭൻ ചൊല്ലിൽ എല്ലാം മാറിടും

എൻ സ്വന്ത ബന്ധു മിത്രരേവരും
എന്നെ കൈവിട്ടാലും ഖേദമെന്തിനായ്
കൈവിടില്ലെന്നു തൻ വാഗ്ദത്തമുള്ളതിൽ
ആശ്രയിച്ചെന്നും ആശ്വസിക്കും ഞാൻ

## 93

യേശുവെത്ര നല്ലവൻ, എത്ര നല്ല സ്നേഹിതൻ
മർത്യപാപഭാരവും ദുഃഖവും വഹിപ്പവൻ
സർവ്വവും മഹേശ്വരാ സന്നിധി
ഉണർത്തുവാൻ
സാദ്ധ്യമായതെത്രയോ ഭാഗ്യമാണ
തോർക്കുകിൽ

പ്രാത്ഥനാസമേതമായ് കർത്തൃപാദമെത്തിടാ-
തെത്രയെത്ര നന്മകൾ നഷ്ടമാക്കിടുന്നു നാം
എന്തിനേറെ ദുഃഖവും ക്ലേശവും സഹിക്കണം
തൻെറ മുമ്പിലൊക്കെയും വച്ചു
കുമ്പിടാതെ നാം

പീഢകരം, പരീക്ഷകരം, വ്യാധികരം
വിപത്തുകരം
ഒന്നിനൊന്നു തിന്മകരം വന്നുലച്ചിടുമ്പോഴും
യേശുനാഥാ സന്നിധേ, സർവ്വതുമുണർത്തിടാം
ആശ കൈവിടാതെ നാം ധീരമായ്
ഗമിച്ചിടാം

## 94

ദൈവസ്നേഹം നിങ്ങളിലുണ്ടെങ്കിൽ
സ്വർഗ്ഗരാജ്യം നിങ്ങളിലാണല്ലോ
കുഞ്ഞുങ്ങളെപ്പോലെയാകൂ
മഞ്ഞിന്റെ നൈർമ്മല്യമണിയൂ

കണ്ണുകരം കാണാത്തതാം
കാതുകരം കേരക്കാത്തതാം
ആനന്ദമനുഭവിക്കാൻ
കുഞ്ഞുങ്ങളെപ്പോലെ...

മാനവർതൻ ഹൃദയങ്ങരം
ഒരു നാളും അറിയാത്തതാം
ആനന്ദമനുഭവിക്കാൻ
കുഞ്ഞുങ്ങളെപ്പോലെ...

സ്വന്തമാം കഴിവുകളിൽ
സങ്കേതം കാണാതെ
ദൈവത്തിലാശ്രയിക്കാൻ

കുഞ്ഞുങ്ങളെപ്പോലെ...
ആകുലരായ് അലയാതെ
ആശങ്കയാൽ തളരാതെ
ദൈവത്തിലാശ്രയിക്കാൻ
കുഞ്ഞുങ്ങളെപ്പോലെ...

**95**

ലോകമെങ്ങുമേ പോകുവിൻ
രക്ഷതൻ ദിവ്യമാം ദൂതുമായ്
നല്ലവാർത്ത എല്ലാവർക്കുമേകുവിൻ സത്യ
സുവിശേഷം പ്രഘോഷിക്കുവിൻ

എന്നെയെൻ പിതാവയച്ചപോലെ തന്നെ
ഞാൻ
നിങ്ങളെ അയച്ചിടുന്നിതാഭിഷിക്തരായ്
പാവനാത്മ ശക്തിയാൽ നിറഞ്ഞു നിങ്ങളോ
പാരിലെങ്ങുമേ എനിക്കു സാക്ഷ്യമേകുവിൻ

സപ്തദാനവും വരിച്ച ശക്തരാകുവിൻ
ദിവ്യമാം വരങ്ങളാലേ പ്രാപ്തരാകുവിൻ
നാടുനീളെ നാഥനായ് നന്മചെയ്യുവിൻ
സത്ഫലങ്ങളേന്തിയങ്ങേ ശിഷ്യരാകുവിൻ

ദൈവമക്കളാണു മർത്ത്യലോകരൊക്കെയും
ക്രിസ്തുവിൽ സഹോദരങ്ങളാണു സർവ്വരും
സ്വർഗ്ഗരാജ്യമീ മഹിതലേ പണിതിടാൻ
പ്രേഷിത പ്രബുദ്ധരായ് ഉണർന്നണഞ്ഞിടൂ

## 96

കർത്താവെന്നെ കൈവിടില്ല
എന്നെന്നും ഞാനങ്ങയിൽ ആശ്രയിക്കും-2
എന്തു ദുരിതം വന്നാലും കർത്താവെന്നെ
കൈവിടില്ല

കർത്താവിൻ ശക്തിയിലാശ്രയിക്കാം
കർത്താവിൻ കൈകളിൽ വിശ്രമിക്കാം
കർത്താവെ...

കർത്താവിൻ ജീവ മന്ന ഭുജിക്കാം
കർത്താവിൻ ജീവജലം കുടിക്കാം
കർത്താവെ...

കർത്താവിൻ സ്തോത്രങ്ങൾ ആലപിക്കാം
കർത്താവിൻ പാതയിൽ സഞ്ചരിക്കാം
കർത്താവെ...

## 97

നന്മ നേരും അമ്മ, - വിണ്ണിൻ രാജകന്യ
ധന്യ സർവ്വവന്ദ്യ, - മേരി ലോകമാതാ
കണ്ണിലുണ്ണിയാകും, - ഉണ്ണിയേശു തന്റെ
അമ്മയായ മേരി, - മേരി ലോകമാതാ
(നന്മ നേരും...)

മാതാവേ മാതാവേ, - മന്നിൽ ദീപം നീയേ
നീയല്ലോ, നീയല്ലോ, - നിത്യസ്നേഹധാര

ആശാപൂരം നീയേ - ആശ്രയതാരം നീയേ
പാരിൻ തായ നീയേ - മേരി ലോകമാതാ
(നന്മ നേരും...)

പാവങ്ങൾ പൈതങ്ങൾ - കൈകൾ
കൂപ്പിനിൽപ്പൂ
സ്നേഹത്തിൻ കണ്ണീരാൽ - പൂക്കൾ തൂകി
നിൽപ്പൂ
കുമ്പിൾ നീട്ടും കയ്യിൽ - സ്നേഹം തൂകും മാതാ
കാരുണ്യാധി നാഥാ - മേരി ലോക മാതാ
(നന്മ നേരും...)

98

കയ്യടിച്ചു പാടിടാം
കർത്തനെ സ്തുതിച്ചിടാം
സർവ്വശക്തി ശബ്ദമോടെ
കീർത്തനങ്ങൾ പാടിടാം

1. ഭൂമി തന്നടിത്തറ - കുലുങ്ങിടട്ടെ
മോദമായ്
ഭൂതലത്തിലാകവെ - നിറഞ്ഞിടട്ടെ
ഗീതികൾ
ഹല്ലേലൂയ്യാ...

2. ആർത്തുപാടി നീങ്ങിടും - നദിയിരമ്പൽ
പോലെ നാം
കിന്നരങ്ങൾ മീട്ടി നൽ -
സ്തുതികളാലപിച്ചിടാം
ഹല്ലേലൂയ്യാ...

3. സ്തുതികൾ വസിച്ചിടും - പരമസ്നേഹ
പൂർണ്ണനാം
ക്രിസ്തുനാഥനായ് ദിനം - സ്തുതികൾ
പാടി വാഴ്ത്തിടാം (3)
ഹല്ലേലുയ്യാ...

## 99

കർമ്മലസൂമമേ നിർമ്മല സൂമമേ
നിത്യ വിശുദ്ധ കർമ്മല റാണി
നിർദ്ധനരാകും നിൻസുതരിവരിൽ
എന്നും താങ്ങും തണലും നീ

ഈശോമിശിഹാതൻ തിരു വചനങ്ങൾ
കൈകൊണ്ടവളെ കനകാംബികയെ
പാപച്ചേററിൽ വീഴാതെന്നും
പാലിക്കണമെ പാവനജനനി
(കർമ്മലസൂമമേ)

നിൻതിരുമുമ്പിൽ യാചനചെയ്യും
ഈ മക്കളെ നീ തള്ളരുതമ്മേ
നിൻ പാദമലരിൽ ചേർക്കണമിവരെ
നിത്യാനന്ദം പകരണമലിവായ്
(കർമ്മലസൂമമേ)

## 100

1 സൃഷ്ടികളെ സ്തുതി പാടുവിൻ
നാഥനെ വാഴ്ത്തിടുവിൻ
മഹിമകൾ തിങ്ങും ഇഹപരമേ നിത്യം
പാടിപ്പുകഴ്ത്തിടുവിൻ

2 വാനിടമേ ദൈവദൂതരേ
നാഥനെ വാഴ്ത്തീടുവിൻ
അംബരമേ ജലസഞ്ചയമേ, നിത്യം
പാടിപ്പുകഴ്ത്തിടുവിൻ

3 ഉന്നതശക്തികളേവരും
നാഥനെ വാഴ്ത്തിടുവിൻ
പകലവനേ വിൺപനിമതിയേ നിത്യം
പാടിപ്പുകഴ്ത്തിടുവിൻ

4 മിന്നും താരസമൂഹമേ
നാഥനെ വാഴ്ത്തീടുവിൻ
മഞ്ഞും മഴയും മാരുതനും നിത്യം
പാടിപ്പുകഴ്ത്തിടുവിൻ

5 തീയും ചൂടും ശൈത്യവുമേ
നാഥനെ വാഴ്ത്തിടുവിൻ
ഹിമകണമേ കാർമേഘവുമേ നിത്യം
പാടിപ്പുകഴ്ത്തിടുവിൻ

## 101

മനുഷ്യാ നീ ലോകമഖിലം നേടിയെന്നാലും
നിൻ
ആത്മനാശം വന്നു പോയാലെന്തുനേട്ടം
ആത്മാവിന്നു പകരമായിട്ടെന്തു നല്കും നീ, ഈ
ലോകസമ്പത്തൊന്നു ചേർന്നാൽ തികയുമോ
വിലയായ്
ഒരുവനെന്നെ അനുഗമിക്കാൻ അഭിലഷിച്ചിട്ട-
കിൽ തന്നെ
പൂർണ്ണമായ് സംത്യജിച്ച് ശൂന്യനായിടണം
അനുദിനം തൻ കുരിശെടുത്തതിമോദമോടെ,
ഞാൻ
നടന്നൊരാവഴിയിലെന്നെ പിൻഗമിച്ചിടണം
ജീവനെ പരിരക്ഷ ചെയ്യാൻ
ആഗ്രഹിച്ചീടുകിൽ അത്
നിത്യമായ് നഷ്ടമായിടുമെന്ന് കരുതീടുവിൻ
എനിക്കായ് തൻ ജീവനൊരുവൻ
നഷ്ടമാക്കുകിലോ അതു,
നിത്യമായ് നേടുമെന്നും വിശ്വസിച്ചിടാം

## 102

വചനനാളമായ് വരിക സ്നേഹരൂപാ
വിരവിൽ അങ്ങ് പാരിൽ, തരിക ദീപ്തിധാര
ഇരുള വീണ ഭുവിൽ കതിരു തൂകി വന്നാൽ

പഥികർ കാണുമെന്നും തെളിമയാന്ന വീഥി
വചനദീപമെങ്ങും ധരണിയിൽ നിറഞ്ഞാൽ
നരകുലത്തിനെങ്ങും മഹിതമാം പ്രശാന്തി
വഴി നടത്തുമങ്ങേ വചനാത്മഗീതം
മനസ്സുണർന്നു കേൾക്കാൻ കഴിവ് നൽക നാഥാ
പ്രണിതമാനസത്തിൽ അമൃതമാരി പോലെ
വചനധാര തൂകി മുറിവുണക്കുനാഥാ

103

മത്തായി 4, 17

അനുതപിച്ചിടുവിനെല്ലാരും, സ്വർഗ്ഗ
രാജ്യം സമാഗതമായ്

ദൈവീകരാജ്യം കൈവരിക്കാൻ,
സുവിശേഷത്തിൽ വിശ്വസിപ്പിൻ

പാപങ്ങളിൽ നിന്നും പിന്തിരിയു മേലിൽ
നൽവഴി തേടിടുവിൻ

വെടിയുവിനെല്ലാ തിന്മകളും എന്നും
നന്മകൾ ചെയ്തീടുവിൻ

മലിനതയെല്ലാം കഴുകിടുവിൻ—അനു
താപത്തിൻ മിഴിനീരാൽ
പാപവിമോചകനേശുവിനെ, സ്വന്ത
രക്ഷകനായ് വരിയ്ക്ക

## 104

അതിരുകളില്ലാത്ത സ്നേഹം
ദൈവസ്നേഹം നിത്യസ്നേഹം
അളവുകളില്ലാത്ത സ്നേഹം
ദൈവസ്നേഹം നിത്യസ്നേഹം
ഏതൊരവസ്ഥയിലും യാതൊരു
വ്യവസ്ഥകളും
ഇല്ലാതെ സ്നേഹിക്കും താതന് നന്ദി

1. ദൈവത്തെ ഞാൻ മറന്നാലും
   ആ സ്നേഹത്തിൽ നിന്നകന്നാലും (2)
   അനുകമ്പാർദ്രമാം ഹൃദയമെപ്പോഴും
   എനിക്കായ് തുടിച്ചീടുന്നു
   എന്നെ ഓമനയായ് കരുതുന്നു.
2. അമ്മയെന്നെ മറന്നാലും ഈ
   ലോകമെന്നെ വെറുത്താലും
   അജഗണങ്ങളെ കാത്തിടുന്നവർ
   എനിക്കായ് തിരഞ്ഞിടുന്നു
   എന്നെ ഓമനയായ് കരുതുന്നു.

## 105

ആശ്വാസത്തിൻ ഉറവിടമാം ക്രിസ്തു
നിന്നെ വിളിച്ചീടുന്നു (2)
അദ്ധ്വാനഭാരത്താൽ വലയുന്നോരേ
ആശ്വാസമില്ലാതലയുന്നോരേ (2)

ആണിപ്പാടുള്ളവൻ കരങ്ങൾ നീട്ടി
നിന്നെ വിളിച്ചിടുന്നു.

(ആശ്വാസത്തിൻ......)

പാപാന്ധകാരത്തിൽ കഴിയുന്നോരേ
രോഗങ്ങളാൽ മനം തകർന്നവരേ (2)
നിന്നെ രക്ഷിപ്പാൻ അവൻ കരങ്ങൾ
എന്നെന്നും മതിയായവ (2)

(ആശ്വാസത്തിൻ......)

വാതിക്കൽ വന്നിങ്ങു മുട്ടീടുന്ന
ആശ്വാസമരുളാൻ വന്നീടുന്ന
അരുമ പിതാവിൻെറ ഇമ്പസ്വരം
നീ ഇന്ന് ശ്രവിച്ചീടുമോ

(ആശ്വാസത്തിൻ......)

## 106

ഈശോ എന്നെ സ്പർശിച്ചു
ജീവൻ എന്നിൽ വർഷിച്ചു
ഈശോ എന്നെ സ്നേഹിച്ചു
സൗഖ്യം നൽകി രക്ഷിച്ചു (2)

1. നാഥാ എൻ നാഥാ വാഴ്ത്താം നിന്നെ
പുകഴ്ത്താം(2)
നിൻെറ അനുഗ്രഹങ്ങൾ എന്നിൽ
ചൊരിഞ്ഞതിനാൽ
എൻെറ ജീവിതകാലം മുഴുവൻ സ്തുതിപാടാം

(ഈശോ എന്നെ......)

2. നാഥാ എൻ നാഥാ പോകാം ഞാൻ
നിനക്കായ് (2)
നിന്റെ കരുണയെഴും തിരുമൊഴികളുമായ്
എന്റെ ജീവിതകാലം മുഴുവൻ
സാക്ഷ്യമേകാൻ
(ഈശോ എന്നെ......)

## 107

1. എൻ ജീവിതത്തിൻ തകർച്ചകളിൽ
എൻ ജീവിതത്തിൻ ഉയർച്ചകളിൽ
എൻ നാഥനെ ഞാൻ സ്തുതിച്ചിടുന്നു (2)

2. എൻ ജീവിതത്തിൻ രോഗങ്ങളിൽ
എൻ ജീവിതത്തിൻ സൗഖ്യത്തിലും
എൻ നാഥനെ ഞാൻ സ്തുതിച്ചിച്ചിടുന്നു
എൻ നാഥനെ ഞാൻ സ്തുതിച്ചിടുന്നു (2)

3. എൻ ജീവിതത്തിൻ കോട്ടങ്ങളിൽ
എൻ ജീവിതത്തിൻ നേട്ടങ്ങളിൽ
എൻ നാഥനെ ഞാൻ സ്തുതിച്ചിടുന്നു
എൻ നാഥനെ ഞാൻ സ്തുതിച്ചിടുന്നു(2)

4. എൻ ജീവിതത്തിൻ മുറിവുകളിൽ
എൻ ജീവിതത്തിൻ സ്വാന്തനത്തിൽ
എൻ നാഥനെ ഞാൻ സ്തുതിച്ചിടുന്നു
എൻ നാഥനെ ഞാൻ സ്തുതിച്ചിടുന്നു

## 108

സ്വർഗ്ഗനാട്ടിലെൻ പ്രിയൻ തീർത്തിടും
സ്വന്ത വീട്ടിൽ ചേർത്തിടുവാൻ
മമനാഥനെ ഒന്നുകാണുവാൻ
ദിനം കാത്തു പാർത്തിടുന്നു

1. മരുഭൂമിയിൽ തളരാതെ ഞാൻ
മരുവുന്നു നിൻ കൃപയാൽ
ഒരു നാളും നീ പിരിയാതെന്നെ
കരുതുന്നു കൺമണി പോൽ (സ്വർഗ്ഗ......)

2. നല്ല നാഥനെ നിനക്കായി ഞാൻ
വേല ചെയ്യുമന്ത്യം വരെ
അല്ലൽ തീർന്നു നിൻ സവിധേ
വരാതില്ല പാരിൽ വിശ്രമവും (സ്വർഗ്ഗ...)

3. കർത്തൃ കാഹളം വാനിൽ കേൾക്കുവാൻ
കാംക്ഷിച്ചിടുന്നേ പ്രിയനേ
ആശയേറുന്നേ നിന്നെകാണുവാൻ
ആമേൻ യേശുവേ വരണേ (സ്വർഗ്ഗ...)

## 109

സംപൂജ്യാ സർവ്വ കൃപാപരനെ
ബലിയർപ്പിക്കാൻ വന്നു ഞങ്ങൾ
ചൊരിയണമേ, നിൻ പ്രഭാ മഞ്ജരികൾ
നിൻ പ്രീതിക്കായ് ഈ ബലിയർപ്പിക്കാൻ

കാൽവരി മലയിൽ ഞങ്ങൾക്കായ്
നിൻപരിശുദ്ധനിണം ചിന്തി
തിരുജീവൻ ഹോമിച്ചവനെ
യാചിക്കുന്നു നിൻ മുന്നിൽ
ഈ യാഗം കൈക്കൊള്ളണമേ

പാപം സർവ്വം പോക്കണമേ
നിത്യവിമോചനമേകണമേ
ഈ തിരുകർമ്മം ഉൾക്കൊള്ളാൻ
ഞങ്ങളുടെ ഹൃദയമൊരുക്കണമേ
പരിശുദ്ധാ കന്യാതിരുസുതനെ

**110**

സത്യവചനമേ, നിത്യവചനമേ മന്നിൽ
അവതരിച്ച വചനമേ, യേശുനായകാ
നീ നയിക്കണെ, വഴി നടത്തണെ ഈ
മന്നിലെന്നുമെന്നെ നീ വഴി നടത്തണെ

ജീവനേകണെ മുക്തി നൽകണെ എൻ
ബുദ്ധിയും ശക്തിയും നീ തെളിക്കണെ
മാർഗ്ഗദീപമായ് തീർന്നിടേണമെ എൻ
ജീവിതത്തിലെന്നും മാർഗ്ഗദീപമായ്

ഹൃദയമെന്നുമെ, വചനകേന്ദ്രമായ്
തിരുഹിതത്തിനൊത്ത പോൽ ദീപ്തമാക്കണേ
വീഴ്ചകൾക്ക നീ മാപ്പു നൽകണമേ ഇന്ന്
കാഴ്ചയായ് എന്നെ സ്വീകരിക്കണേ

## 111

ശത്രുസ്നേഹം ക്രിസ്തുവിൻെറ മുദ്രയാണല്ലോ
മുദ്രാവാക്യമാണല്ലോ
ശത്രുവെയും മിത്രമാക്കാൻ ശക്തമാണല്ലോ
അതിഹൃദ്യമാണല്ലൊ (2)

1. കണ്ണിനു പകരം കണ്ണല്ല പല്ലിനു പകരം
പല്ലല്ല (2)
സ്നേഹമാകും ആയുധത്താൽ വൈരിയെ
നേടാം
താതനേററം ഇഷ്ടമുള്ള മക്കളായിടാം
ഒന്നായ് ചേർന്ന് വാണീടാം

2. വലത് കരണത്തടിപ്പോനു് ഇടതു കരണം
കാട്ടേണം (2)
സഹനമേറും ജീവിതത്താൽ
മഹിമയാർന്നീടാം
ക്രൂശിതൻെറ കൂടെ നിൽക്കാം മാപ്പു
നൽകീടാം
ഹൃത്തിൽ സ്ഥാനമേകീടാം

## 112

യേശുവിൻ മാധുര്യമേറും ഹൃദയമേ
നിൻ മുൻപിലാദരവോടെ നിൽപൂ
ഈ കുടുംബത്തിൻെറ ദൈവവും കർത്താവും
നീയാണെന്നേററു ചൊല്ലുന്നു ഞങ്ങൾ

അങ്ങേയ്ക്കു പ്രീതികരമായവ ചെയ്യുവാൻ
ഞങ്ങളെ നീ തന്നെ അനുഗ്രഹിക്കൂ
അങ്ങേയ്ക്കു വേദന ചേർക്കുന്നതൊന്നുമേ
ചെയ്യാതിരിക്കുവാൻ നീ തുണയ്ക്കൂ

നിൻ സമാധാനവും ശാന്തിയുമെന്നെന്നും
ഈ കുടുംബത്തിൽ ചൊരിഞ്ഞിടേണം
ഞങ്ങളിലാരും നിൻ നേർവഴിവിട്ടെങ്ങും
പോകുവാൻ നീ ഇടയാക്കിടല്ലേ

## 113

യേശുവെ, എൻ ദൈവമെ
യേശുവെ, എൻ സ്നേഹമെ
യേശുവെ, യേശുവെ
യേശുവെ, എൻ നാഥനെ

നിന്നിലൊന്നായിത്തീന്നിടുവാൻ
നിൻെറ ആത്മാവിൽ നിറയുന്നു ഞാൻ
നിൻെറ വരദാനമൊഴുക്കീടുവാൻ
നിൻെറ തിരുനാമം വിളിക്കുന്നു ഞാൻ

നിൻെറ കുരിശിൻെറ വഴിയെ വരാൻ
നിന്നെ അനുഗമിച്ചീടുന്നു ഞാൻ
നിൻെറ ഉത്ഥാന മഹിമാവിനാൽ
നിന്നിലാനന്ദിച്ചിടുന്നു ഞാൻ

എൻെറ ദാഹം ശമിച്ചീടുവാൻ
നിൻെറ നീർച്ചാലിലണയുന്നു ഞാൻ
നിൻെറയുത്ഥാന മഹിമാവിനാൽ
നിന്നിലാനന്ദിച്ചീടുന്നു ഞാൻ

## 114

1 ആരാധന ആരാധന
സ്നേഹസ്വരൂപനാം സ്വർഗ്ഗപിതാവിന്
നിത്യം ഏകിടൂ ആരാധന (2)

2 ആരാധന ആരാധന
കാൽവരിക്കുന്നിൽ ബലിയായ് തീർന്ന
കാരുണ്യ നാഥന് ആരാധന (2)

3 അരാധന ആരാധന
ആത്മസ്വരൂപനാം പാവനാത്മാവിന്
നിത്യം ഏകിടൂ ആരാധന

## 115

പരിശുദ്ധാത്മാവിൻ ആലയങ്ങൾ നിങ്ങൾ
പരിപാവനമാം ദേവാലയങ്ങൾ
ദൈവത്തിൻ ആലയത്തെ അശുദ്ധമാക്കരുതേ
ലഹരിയാൽ തകർക്കരുതേ

(പരിശുദ്ധാത്മ)

1 ബലഹീനതയാൽ നീ പതറിടുമ്പോൾ
മനസ്സിൽ
ദുർമോഹങ്ങൾ ഉണർന്നിടുമ്പോൾ

ദൈവത്തിൻ വചനങ്ങളാൽ കരുത്തു
നേടിടുവാൻ
മനസ്സിനെ നിയന്ത്രിക്കുവിൻ
(പരിശുദ്ധാ...)

2 പരിശുദ്ധാത്മൻ നിന്നിൽ ആവസിക്കും
തൻെറ
ബലമേകിയവൻ നിത്യം നയിക്കും
ദൈവത്തിൻ ദാനങ്ങളാൽ നിറഞ്ഞു
ഭൂതലത്തിൽ
കരുണകൾ പുകഴ്ത്തിടുവിൻ
(പരിശുദ്ധാ...)

## 116

യേശുവോട് ചേർന്നിരിപ്പതെത്ര മോദമേ...
യേശുവിന്നായ് ജീവിക്കുന്നതെത്ര ഭാഗ്യമേ...
ആശ തന്നോടെന്നുമെന്നിൽ വദ്ധിച്ചീടുന്നേൻ
യേശു തൻെറ കൂടെ വാഴാൻ കാംക്ഷിച്ചീടുന്നേൻ
(യേശു...)

പോക്കിയെൻെറ പാപമെല്ലാം തൻെറ
യാഗത്താൽ
നീക്കിയെൻെറ ശാപമെല്ലാം താൻ
വഹിച്ചതാൽ
ഓക്കുംന്തോറും സ്നേഹമെന്നിൽ
വദ്ധിച്ചീടുന്നേൻ
പാക്കുന്നേൻ തൻ കൂടെ വാഴാൻ എന്ന്
സാധ്യമോ
(യേശു...)

ശ്രേഷ്ഠമേറും നാട്ടിലെൻെറ വാസമാക്കുവാൻ
ശോഭയേറും വീടെനിക്കൊരുക്കിടുന്നവൻ
കൈകളാൽ തീർക്കാത്ത നിത്യപാർപ്പിടം
തന്നിൽ
വാണിടുന്ന നാളിനായ് ഞാൻ നോക്കി
പാക്കുന്നേൻ

(യേശു...)

എന്ന് തീരും എൻെറ കഷ്ടം ഇന്നീ മന്നിലെ
അന്ന് മാറും എൻെറ ദുഃഖം നിശ്ചയം
തന്നെ...
അന്ന് തൻെറ ശുദ്ധരൊത്ത് പാടിയാക്കുമേ
എന്നെനിക്ക് സാധ്യമോ മഹൽ സമ്മേളനം

## 117

ദൈവം നമ്മുടെ ദൈവം
ഇവിടെ....ഇവിടെ...ഇവിടെ
നമ്മെ സ്നേഹിക്കും ദൈവം
ഇവിടെ...ഇവിടെ...ഇവിടെ
അൾത്താരയിൽ കൃപ ചൊരിയും
ഇന്നും ദൈവം നമ്മുടെക്കൂടെ (2)
കുറയാത്ത സ്നേഹം നിത്യസ്നേഹം
രക്ഷിക്കും സ്നേഹം ദൈവസ്നേഹം (2)
രക്ഷിക്കാൻ കരങ്ങൾ ചെറുതല്ല
അവൻെറ കാതുകൾ ബധിരമല്ല (ദൈവം...)

ശോകങ്ങളിൽ രോഗങ്ങളിൽ
ശുഭ ഭാവി തീർക്കും ദൈവ സ്നേഹം
സ്നേഹിക്കും ഹൃദയം വിളിക്കുന്നു
നീയെന്നും ദൈവത്തിൻ സ്വന്തമല്ലോ

## 118

സ്നേഹരഹിതമാം ലോകജീവിതം
തന്ന മുറിവുമായ് വന്നു ഞാനിതാ
സ്നേഹരൂപനാം നാഥനേശുവിൻ
കരതലങ്ങളിൽ ചേർന്നുഞാനിതാ
എന്നെ സ്വന്തമായ് സ്വീകരിച്ചവൻ
ഹൃദയവേദന പങ്കിടുന്നിതാ...
(സ്നേഹ)

മോഹവും സ്വപ്നവും തകരുമീ
ഹ്രസ്വമാം ജീവിത വേദിയിൽ
ദുഃഖവും തിൻമയും മായ്ക്കുവാൻ
മോചന ദ്രവ്യമായ് തീർന്നിതാ
കുരിശിലൊഴുകിടും തിരുനിണം
ഹൃത്തടത്തിലെന്നു ഔഷധം
(സ്നേഹ...)

നന്ദിയില്ലാത്തവർ നിത്യവും
നിന്ദയിൽ ക്രൂശുകൾ തന്നുമെൻ
ചിന്തയിൽ പോല്യമില്ലാത്തതാം
തെററുകൾ വ്യാജമായ് ചാർത്തിടും
ദുരിത പൂർണ്ണമാം വീഥിയിൽ
കുരിശുമേന്തി മുന്നേറിടാം (സ്നേഹ...)

## 119

എല്ലായ്പ്പോഴും എല്ലാകാര്യത്തിലും
യേശുവിനെ വാഴ്ത്തു
എല്ലാനാളിലും നമ്മെ കാക്കും
വല്ലഭനെ വാഴ്ത്തു
(എല്ലാ...)

ജോബ് ഒരു നാളിൽ കഷ്ടതയോർത്ത്
ദൈവത്തെ വാഴ്ത്തിയല്ലോ
ദാനിയേലന്ന് സിംഹക്കുഴിയിൽ
കീർത്തനം പാടിയല്ലോ
(എല്ലാ...)

പൗലോസും സീലാസും അടികളേററ്
സങ്കീർത്തനം ഉയർത്തി
യേശു കുരിശിൽ രക്തബലിയായ്
ദൈവത്തെ വാഴ്ത്തിയല്ലോ
(എല്ലാ...)

## 120

അർപ്പണം അർപ്പണം ആത്മാർപ്പണം
യേശുവേ നിൻ മുമ്പിൽ ഹൃദയാർപ്പണം
ആബേലിൻ നിർമ്മലമാം അർപ്പണം
പോലെ
അബ്രാഹം അന്നു ചെയ്തൊരർപ്പണം
പോലെ

മറിയത്തിൻ ശ്രേഷ്ഠമാം അർപ്പണം
പോലെ
ഞാനുമെന്നെ പൂർണ്ണമായ് അർപ്പിക്കുന്നു
(അർപ്പണ•...)

## 121

ഉന്നതനേ പരിശുദ്ധാത്മാ
ദൈവശക്തിയാം അഗ്നിനാളമേ
നിറയണമേ നിറയണമേ
എന്നിൽ നിറയണമേ
ചൊരിയണമേ ചൊരിയണമേ
വരദാനങ്ങൾ ചൊരിയണമെ

തിൻമ വിതയ്ക്കും പാപത്തെ
പാപം ചൊരിയും കോപത്തെ
ഇന്നു വെറുത്തു മുന്നേറാൻ
മാനസാന്തരം നേടിടുവാൻ
(നിറയണമേ...)

ദൈവകൃപകൾ പ്രാപിക്കാൻ
ദൈവസ്നേഹം ജ്വലിച്ചിടാൻ
മനസ്സിൽ ശാന്തി വഴിഞ്ഞീടാൻ
രോഗശാന്തി ലഭിച്ചീടാൻ
(നിറയണമെ)

## 122

ഈശോ എന്നെ സ്നേഹിക്കുന്നു
ഇന്നും കൃപയാൽ കരുതുന്നു

ഒരിക്കലും കുറയാത്ത മാധുര്യമോടെ
എന്നെ, ഈശോ സ്നേഹിക്കുന്നു
എൻ പാപക്കറകളെല്ലാം
തിരു നിണത്താൽ കഴുകി
എന്നെ സ്വന്തം മാറോട് ചേർത്ത്
മധുരിക്കും സ്നേഹം ചൊരിഞ്ഞു
ദുഃഖാഗ്നി ജ്വാലകളിൽ
വീഴാതെ വഴി നടത്തി
രോഗത്തിന്റെ ആഴങ്ങളിൽ
താഴാതെ കരകയററി

**123**

അരൂപിയാൽ നിറഞ്ഞു പാടിടാം
ആത്മാവിൽ വളർന്നു പാടിടാം
ആർപ്പു വിളിക്കാം ഘോഷിച്ചീടാം
ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ
എൻ പ്രിയ നാഥന് ഹല്ലേലൂയ്യാ
എന്റെ പാപം മോചിച്ചവൻ
എന്നിൽ ജീവൻ വർഷിച്ചവൻ
ഏക രക്ഷകൻ യേശുവല്ലോ
ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ
എന്നും നാഥന് ആരാധന
ഇന്നുവാഴും കർത്താവിന്
എന്നും വാഴും തമ്പുരാന്
കൈത്താളത്തിൽ പാടുന്നു
ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ
ഉച്ചസ്വരത്തിൽ ഹല്ലേലൂയ്യാ

എൻെറ രോഗം ഭീതികളും
എൻെറയാകുല ചിന്തകളും
നിന്നിലേകി പാടുന്നു
ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ
സ്തുതി ഗീതങ്ങൾ പാടിടുന്നു

## 125

മനസ്സിൽ മുറിവുകൾ സ്നേഹം ചൊരിഞ്ഞു നീ
മായ്ക്കൂ ദൈവ പിതാവെ
കുരിശിൽ ചൊരിഞ്ഞ രക്തമെന്നെ
സുഖമാക്കീടട്ടെ സുഖമാക്കീടട്ടെ

ജനിക്കും മുമ്പേ മനസ്സിലേററ
മുറിവുണക്കീടാൻ വരുനാഥാ
ആ നിമിഷങ്ങളെ വാത്സല്യപൂർവ്വം
തഴുകി സൗഖ്യം നൽകിടണെ
ചിരിയുയരേണ്ടും ബാല്യകാലം
ശിക്ഷയാൽ വിങ്ങി പകപൊങ്ങി
ഇന്നും വെറുപ്പാൽ നിറഞ്ഞ എന്നെ
തഴുകി സൗഖ്യം നൽകാം.

യൗവന നാളിൽ അറിവില്ലാതെ
വഞ്ചനയാൽ ഞാൻ മുറിവേററു
പാപശീലങ്ങളിൽ താണുതകർന്നു
തഴുകി സൗഖ്യം നൽകീടണെ

## 124

അറംത്താരയിലത്മബലിയായ്
അപ്പിക്കാനായ് ഞാൻ വരുന്നു
എല്ലാം നിനക്കായ് നല്കാൻ
ദേവാലയത്തിൽ വരുന്നു

ഈ കാഴ്ചവസ്തുക്കറംക്കൊപ്പം
കൻമഷമില്ലാത്ത ഹൃത്തും (2)
എല്ലാം പൊറുക്കുന്ന ചിത്തും (2)
വല്ലഭാ കാഴ്ചയായേകാം

എൻ സോദരർക്കെന്നോടെന്തോ
നീരസം തോന്നുന്ന പക്ഷം (2)
തീരികെ ഞാൻ ചെന്നേവമേകാം
എല്ലാം ക്ഷമിക്കുന്ന സ്നേഹം (2)

എനിക്കായ് കരുതുന്ന സ്വാത്ഥം
സർവ്വത്തും കൈവെടിഞ്ഞീടാം (2)
എല്ലാ കൊടുക്കുന്ന സ്നേഹം
സകലേശാ ഞാനുറംക്കൊണ്ടീടാം (2)

## 126

ആകാശമേ കേറംക്ക... ഭൂമിയെ ചെവി തരിക
ഞാൻ മക്കളെ പോററി വളർത്തി
അവരെന്നോട്ട മത്സരിക്കുന്നു...
(ആകാശമേ...)

കാള തൻെറ ഉടയവരെ...
കഴുത തൻെറ യജമാനൻെറ...
പുൽത്തൊട്ടി അറിയുന്നല്ലോ
എൻ ജനമറിയുന്നില്ല...
(ആകാശമേ...)

അകൃത്യഭാരം ചുമക്കും ജനം...
ദുഷ്പ്രവൃത്തിക്കാരുടെ മക്കൾ...
വഷളായി നടക്കുന്നവർ
ദൈവമാരെന്ന് അറിയുന്നില്ല...
(ആകാശമേ...)

ആകാശത്തിൽ പെരിഞ്ഞാറയും...
കൊക്കും മീവൽ പക്ഷിയും...
അവർ തൻെറ കാലമറിയും...
എൻ ജനം അറിയുന്നില്ല...
(ആകാശമേ...)

## 127

ആരാധിക്കുന്നേ ഞങ്ങൾ ആരാധിക്കുന്നേ
ആത്മനാഥനേശുവിനെ ആരാധിക്കുന്നേ
ആരാധിക്കുന്നേ ഞങ്ങളാരാധിക്കുന്നേ
ആത്മാവിലും സത്യത്തിലും ആരാധിക്കുന്നേ

ഹല്ലേലൂയാ ഹല്ലേലൂയാ ഗീതം പാടിടാം
ഹല്ലേലൂയാ ഗീതം പാടി ആരാധിക്കുന്നേ

ഇന്നു ഞങ്ങൾ വിശ്വാസത്താൽ ആരാധിക്കുന്നു
അന്നു ഞങ്ങൾ മുഖം കണ്ട് ആരാധിച്ചിടും

സെറാഫുകൾ ആരാധിക്കും പരിശുദ്ധനെ
സന്തോഷത്താൽ സ്വന്തമക്കൾ
ആരാധിക്കുന്നു

ബന്ധനമഴിയും കെട്ടുകളഴിയും
ആരാധനയിങ്കൽ
കോട്ടകൾ തകരും ബാധകളൊഴിയും
ആരാധനയിങ്കൽ
രോഗം മാറും ക്ഷീണം മാറും ആരാധനയിങ്കൽ
മൺകുടമുടയും തീ കത്തീടും ആരാധനയിങ്കൽ
വേദന തിങ്ങിയ ജീവിതവേളയിൽ
കുരിശിൽ നോക്കുന്നു
അങ്ങേ തിരുമുഖദർശനം
കാംക്ഷിച്ചാരാധിക്കുന്നു

മുറിവുകളാലെ മാനസമിളകി ദുഃഖം
പെരുകുമ്പോൾ
ആശ്വാസത്തിൻ തൈലം നൽകും നാഥനെ
വാഴ്ത്തുന്നു

വഴിയറിയാതെ വലയുംനേരം പൊൻപ്രഭ
തൂകുന്നു
ദിവ്യവിളക്കാം ഈശോനാഥനെ ആരാധിക്കുന്നു
ജീവിതഭാരം പേറി വലഞ്ഞ തനയർ പാടുന്നു
തവതിരുനടയിൽ ഒന്നായ് നിന്ന്
ആരാധിക്കുന്നു

കരുണാമയനും സ്നേഹവുമായ ഈശോനാഥന്റെ
കരുണ തുളുമ്പും തിരുമുഖം കണ്ടിട്ടാരാധിക്കുന്നു
രോഗം മാററി സൗഖ്യം നൽകിയ
ഈശോനാഥനെ
പാപം നീക്കിയ ഹൃദയം നൽകി
ആരാധിക്കുന്നു
വഴിയും സത്യവും ജീവനുമായ ഈശോനാഥനെ
വചനം നൽകും ആനന്ദത്താൽ ആരാധിക്കുന്നു.

## 128

ഉണർവ്വിൻ വരം ലഭിപ്പാൻ
ഞങ്ങൾ വരുന്നു തിരുസവിധേ
നാഥാ നിന്റെ വൻകൃപകൾ
ഞങ്ങൾക്കരുളു അനുഗ്രഹിക്കു

ദേശമെല്ലാം ഉണർന്നിടുവാൻ
യേശുവിനെ ഉയർത്തീടുവാൻ
ആശിഷമാരി അയയ്ക്കേണമെ
ഈ ശിഷ്യരാം നിൻ ദാസരിന്മേൽ
(ഉണർവ്വിൻ...)

തിരുനാമം പാടിടുവാൻ
തിരുവചനം ധ്യാനിക്കുവാൻ
ഉണർവ്വിൻ ശക്തി അയയ്ക്കേണമേ
ഈ ശിഷ്യരാം നിൻ ദാസരിന്മേൽ
(ഉണർവ്വിൻ...)

തിരുവചനം ഘോഷിക്കുവാൻ
തിരുനന്മകൾ സാക്ഷിക്കുവാൻ
ശാശ്വത ശാന്തി അയയ്ക്കേണമേ
ഈ ശിഷ്യരാം നിൻ ദാസരിന്മേൽ

(ഉണർ...)

## 129

ഒരുനാളും നിൻ വീഴ്ചകളിനി ഞാൻ
ഓർക്കുകില്ല, ക്ഷമിച്ചതല്ലേ
മൂടൽ മഞ്ഞുപോൽ നിൻ പാപങ്ങൾ
കാർമേഘംപോലെ നിൻ തിന്മകളും
എല്ലാം തുടച്ചുനീക്കി സർവ്വവും ശുദ്ധമാക്കി
രക്ഷകനായ് ഞാൻ ചാരെയണഞ്ഞു
രക്ഷിക്കാനായ് എൻ കരങ്ങൾ നീട്ടി (2)
മാരകമുള്ളിന്നിടയിൽ നിന്നും നിന്നെ
കോരിയെടുത്ത് എൻ തോളിലെടുത്തു (2)
തോളിലെടുത്തു.
തിരുവചനത്താൽ തിരുരക്തത്താൽ
നവസൃഷ്ടിയായ് നിന്നെ ഉരുക്കിവാർത്തു(2)
ഇനിയൊരുനാളും പിരിയാതെ
എന്നിൽ വസിച്ചാൽ ഞാൻ കൃപ ചൊരിയാം
കൃപ ചൊരിയാം (2)

**130**

കൈകൾ കൂപ്പിടാം കൈകൾ കൊട്ടിടാം
സ്തുതിച്ചു പാടിടാം, ശിരസ്സു നമിച്ചിടാം
മുറിവുണക്കീടുന്ന തൈലമാണവൻ
മുറിവേററ മനസ്സിനെന്നുമാശ്രയം

ജീവനേകീടുന്ന സ്നേഹമാണവൻ
ജീവൻ നല്കീടുന്ന നീർച്ചാലവൻ
(കൈകൾ...)

വഴി നടത്തീടുന്ന താതനാണവൻ
വഴിയായി സത്യമായി ജീവനായവൻ
വീണ്ടെടുത്തീടുന്ന നാഥനാണവൻ
വിണ്ടലത്തിലെന്നും അധിപനാണവൻ
(കൈകൾ...)

ആടുകൾക്കെന്നും ഇടയനാണവൻ
ആടിനെ തോളിലേന്തും സ്നേഹമാണവൻ
അന്ധകാരത്തിൻ കെടാവിളക്കാണവൻ
അന്ധത നീക്കി കാഴ്ചയേകുന്നവൻ
(കൈകൾ...)

സ്നേഹം പഠിപ്പിച്ച നന്മയാണവൻ
സ്നേഹിതർക്കായ് തന്നെ പങ്കുവെച്ചവൻ
പാപം ക്ഷമിക്കുന്ന ദൈവമാണവൻ
പാപിയെ തേടിയീപാരിൽ വന്നവൻ
(കൈകൾ...)

പാവനാത്മാവിനെ നൽകിടുന്നവൻ
പാരിലെങ്ങും ശാന്തിയായ് മേവിടുന്നവൻ
രോഗികൾക്കെന്നും വൈദ്യനാണവൻ
രോഗശാന്തി നൽകും ഔഷധം താൻ
(കൈകൾ...)

## 131

ജീവിതമങ്ങേ തൃപ്പാദത്തിൽ
ഏകിടുവാനായ് വന്നിടുന്നു
എന്നെയുമെന്റെ സർവ്വസ്വവും
യേശുവേ അങ്ങിൽ ചേർത്തിടുന്നു
ഈ നടയിൽ ഞാൻ നിന്നിടുമ്പോൾ
സ്നേഹമില്ലെന്നിൽ എന്നറിവു
പിന്തിരിയുന്നു സ്നേഹിക്കുവാൻ
നിർമ്മലനായെൻ കാഴ്ചയേകാൻ
അർപ്പിതമാകും ബലിയെന്നും
അനുദിനവും ഞാൻ തുടരാനായ്
ബലമേകണമേ എൻ നാഥാ (2)

## 132

ദിവ്യവചസ്സുകൾ തേനിനേക്കാൾ മധുരമാണല്ലോ
സത്യമാണത് ജീവനാണത് വിശ്വസിപ്പു ഞാൻ
യുഗയുഗാന്ത്യത്തോളവുമത് ശാശ്വതമല്ലോ
വിശ്വസിപ്പാൻ നിത്യജീവൻ നേടിടുമല്ലോ

മധുരം മധുരം നിൻ തിരുവചനം
വചനം മാംസമായ് യേശുവായ്
വചനഗീതം പാടിടാം
വചനമാർഗ്ഗം തേടിടാം

ജീവദായക വചനമെന്നും ദൈവം തന്നെയല്ലോ
തവഹിതത്താൽ വചനമേകി ലോകം
സ്ഥാപിതമായ്
നിൻെറ സൃഷ്ടികരം വചനശക്തി വിളിച്ചോ
തുന്നു
തിരുവചനം തെന്നലായ് തഴകിടുന്നവയെ
(മധുരം...)

വചനമാധുരി കാതിനെന്നും ഇമ്പമാണല്ലോ
ദൈവസ്നേഹം നുകർന്നിടാനൊരു മാർഗ്ഗമാ
ണല്ലോ
ദൈവവചനം സ്വർഗ്ഗം തുറന്ന് ഇറങ്ങിവന്നി
ടുന്നു
വചനസ്പർശം സൗഖ്യദായകമായിടുന്നുലകിൽ
(മധുരം...)

## 133

ദൈവം നമ്മോടു കൂടെ യഹോവയാം
ദൈവം നമ്മോടു കൂടെ
എമ്മാനുവേൽ എമ്മാനുവേൽ
ദൈവം നമ്മോടു കൂടെ
പൂർവ്വപിതാക്കരം തൻ കർത്താവേകിയ
ദൈവം നമ്മോടു കൂടെ

മൂശയ്ക്കും ജനതയ്ക്കും ദർശനമേകിയ
ദൈവം നമ്മോടു കൂടെ
ഈജിപ്തിൽ അടിമത്തച്ചങ്ങല നീക്കിയ
ദൈവം നമ്മോടു കൂടെ
വാഗ്ദത്ത ഭൂമിയെ ജനതയ്ക്കു നൽകിയ
ദൈവം നമ്മോടു കൂടെ
വചനംമാംസമായി മന്നിതിൽ വന്നൊരു
ദൈവം നമ്മോടു കൂടെ
കുരിശിൽ ജീവനെ നമുക്കായി ഹോമിച്ച
ദൈവം നമ്മോടു കൂടെ
രക്ഷകസ്രോതസ്സാം കൂദാശകൾ വഴി
ദൈവം നമ്മോടു കൂടെ
അൾത്താരവേദിയിൽ അനുദിന വീഥിയിൽ
ദൈവം നമ്മോടു കൂടെ
പാപങ്ങൾ മോചിക്കും രോഗങ്ങൾ നീക്കിടും
ദൈവം നമ്മോടു കൂടെ
ആശ്വാസമേകിടും ആനന്ദമേകിടും
ദൈവം നമ്മോടു കൂടെ
ഇരുളിലും വളവിലും കൂടെ നടന്നീടും
ദൈവം നമ്മോടു കൂടെ
ഇടുങ്ങിയ പാതയിൽ ദൈവരാജ്യം ചേർക്കും
ദൈവം നമ്മോടു കൂടെ

**134**

ദൈവത്തിൻ വാഗ്ദാനമാം
പാവനാത്മാവേ വരൂ

ആശ്വാസ ദായകനേ
ആമോദമേകാൻ വരൂ (2)
നിത്യവും കൂടെയിരിക്കും
സത്യത്തിനാത്മാവു നീയേ
എന്നിൽ നിറഞ്ഞു എന്നും വസിക്കാൻ
ഉന്നതദാനമേ വാ (ദൈവത്തിൻ...)

ദാനങ്ങളാലേ നിറയ്ക്കു
നൽവരം നൽകി നയിക്കു (2)
പാരിടമെങ്ങും സാക്ഷിയായ്മേവാൻ
പാവനരൂപിയേ വാ

## 135

ദൈവമേ, അങ്ങേ സ്നേഹിക്കുന്നവർ
ക്കെല്ലാം നന്മയ്ക്കായ് തീർക്കുന്നു
രക്ഷയേകുമാ തൃക്കരങ്ങളിൽ
കൈവിടുന്നെന്നെ പൂർണ്ണമായ്

സ്നേഹിക്കുന്നവർക്കല്ലയോ
നാഥൻ നൽകുന്നു ശിക്ഷണം
മക്കളെ താതൻ താഡനം ചെയ്തു
തക്ക ശിക്ഷണമേകുന്നു

ക്രൂശുമായങ്ങു പോയതാം
ക്ലേശപൂർണ്ണമാം പാതയിൽ
നിത്യമെൻ ക്രൂശുമായി ഞാനങ്ങേ
പിൻഗമിച്ചീടും മോദമായ്

രോഗപീഡകളാലെയും
കഷ്ടനഷ്ടങ്ങളാലും ഞാൻ
ദുഃഖഭാരം വഹിക്കുമ്പോഴെന്നെ
തൃക്കരം തന്നിൽ താങ്ങുന്ന

കഷ്ടതകൾ തന്നപ്പവും
ക്ലേശത്തിൻ ജലം തന്നാലും
എന്നിൽ നിന്നും മറഞ്ഞിരിക്കില്ലെൻ
സ്നേഹരൂപനാം സദ്ഗുരു

ഞാനിടം വലം തിരിയുമ്പോൾ
കാണുമെൻ മിഴി ഗുരുവിനെ
പിന്നിൽ നിന്നൊരു ശബ്ദം കേൾക്കു
മെൻ
വഴി തെളിച്ചിടും ദീപമായ്

## 136

പരമ പിതാവിനു സ്തുതിപാടാം
അവനല്ലോ ജീവനെ നൽകിയവൻ
പാപങ്ങളാകവെ ക്ഷമിച്ചിടുന്ന
രോഗങ്ങൾ അഖിലവും നീക്കിടുന്ന

അമ്മയെപ്പോലെന്നെ ഓമനിച്ച
അപകടവേളയിൽ പാലിച്ചവൻ
ആഹാര പാനീയമേകിയവൻ
നിത്യമാം ജീവനെ നൽകിടുന്ന

(പരമ...)

ഇടയനെപ്പോലെന്നെ തേടിവന്നു
പാപക്കുഴിയിൽ നിന്നു് ഏറ്ററിയവൻ
സ്വന്തമാക്കി നമ്മെ തീർത്തിടുവാൻ
സ്വന്തരക്തം നമുക്കേകിയവൻ
(പരമ...)

കുട്ടകളെ കൂടെ കൂടിളക്കി
പറക്കുവാനായ് നമ്മെ ശീലിപ്പിച്ചു
ചിറകുകളതിന്മേൽ വഹിച്ചു നമ്മെ
നിലം പരിശായി നശിച്ചിടാതെ
(പരമ...)

സ്തോത്രം ചെയ്യാം ഹൃദയംഗമമായി
കുമ്പിടാം അവൻ മുമ്പിലാദരവായ്
ഹല്ലേലൂയാ പാടാം മോദമോടെ
അവനല്ലോ നമ്മുടെ രക്ഷാകരം
(പരമ...)

## 137

പാടുക പാടുക നവഗീതം
പാലകനീശനു സ്തുതിഗീതം
ഇരവും പകലും ഇടമുറിയാതെ
ജനമേ പാടുക ശുഭഗീതം
ഉഷസ്സും സന്ധ്യയുമരുവികളും
മഞ്ഞും മഴയും മേഘമതും – ഹല്ലേലൂയ (3)
ഗിരിനിരസുരഭിലസൂനമതും (2)
ഒരുപോലുരുവിടുമാഗാനം

കളമൊഴി പാട്ടും പൂങ്കുയിലും
തേൻകനി വീതറും കാനനവും ഹല്ലേലൂയ (3)
കരകടലഖിലചരാചരവും (2)
ഒരു പോലുരുവിടുമാഗാനം
അവനിയിലുയർന്നു പാറട്ടെ
അവൻെറ വിജയപതാക ഹല്ലേലൂയ
ഇഹപരമഖിലം നിറയട്ടെ
അവൻെറ പുണ്യസുഭാഷണം (3)

## 138

മടങ്ങിവരുന്നു ഞാൻ താതാ
മടങ്ങിവരുന്നു ഞാൻ താതാ...
സുബോധമോടെ തിരുസന്നിധിയിൽ
മടങ്ങി വരുന്നു ഞാൻ നാഥാ...
നിൻ മകനെന്നു വിളിച്ചീടാനായ്
യോഗ്യതയില്ലേലും
തിരുഭവനത്തിൽ പരിചാരകനായ്
സ്വീകരിക്കണമേ...എന്നെ (2)
പാപത്താലെ നിന്നിൽനിന്നും
അകന്നുപോയി - ഞാൻ
ഓഹരിയെല്ലാം ധൂർത്തടിച്ച്
അടിമയായി ഞാൻ തിൻമയ്ക്കടിമ (2)
കുറവും കുററവുമെല്ലാം പൊറുത്ത്
മാപ്പേകീടണമേ
സ്വർഗ്ഗപിതാവേ നിൻ സദനത്തിൽ
അഭയം നൽകണമേ - എന്നും (2)

## 139

സമർപ്പണത്തിൻ സമയമായി
സമർപ്പിക്കുവിൻ സകലതും
ദൈവം നിന്നോട് ചോദിപ്പതൊക്കെയും
നൽകുവാൻ ഒരുങ്ങീടുവിൻ

ബലിവേദിയിൽ വന്നു നിൽക്കുമീ
നിമിഷം നീ
മനസ്സിൽ വെറുപ്പും വിരോധവും
നിറഞ്ഞിടുകിൽ
സംപ്രീതനാകില്ല നാഥനീ കാഴ്ച
കളിൽ
സ്വീകാര്യമാകില്ല നിന്നുടെ യാഗാർപ്പണം

ഇന്നെങ്കിലും ഇനിയെങ്കിലും
അനുരഞ്ജനത്തിന്റെ വഴി തേടുവിൻ
സന്തോഷമായ് വന്നു ബലിയേകുവിൻ
(സമർപ്പണ...)

## 140

സ്നേഹതാതാ, സ്വർഗ്ഗതാതാ
വന്ദനം തേ വന്ദനം (2)
ജീവനാഥാ സ്നേഹരാജാ
ആരാധിച്ചു നമിക്കുന്നേൻ (2)
യേശുനാഥാ ആത്മനാഥാ
വന്ദനം തേ വന്ദനം (2)
ലോകനാഥാ പ്രാണനാഥാ

ആരാധിച്ചുനമിക്കുന്നേൻ (2)
പാവനാത്മാ, സ്നേഹരൂപാ
വന്ദനം തേ വന്ദനം (2)
ജീവത്മാവേ, സത്യാത്മാവേ
ആരാധിച്ചു നമിക്കുന്നേൻ (2)

## 141

സോദരങ്ങളെ സദാ ആർദ്രമായ് സ്നേഹി
ച്ചിടാൻ
ശക്തിതന്നരുളണേ സ്നേഹശീലനാം ഗുരോ

1. സ്നേഹിക്കു തമ്മിൽ തമ്മിൽ ക്ഷമിക്കു
പരസ്പരം
മറക്കു കടങ്ങളെ പൊറുക്കു മുറിവുകൾ

2. തുറക്കു ഹൃദയങ്ങൾ കൊടുക്കൂ
സ്നേഹത്തിനായ് തുടിക്കും
ഹൃദയത്തിൽ, ഒഴുകും സുധാരസം

3. നിങ്ങൾ തൻ കടക്കാരെ വെറുതെ
വിട്ടന്നെങ്കിൽ
നിങ്ങൾ തൻ കടങ്ങളും പൊറുക്കും ദൈവം
ക്ഷണം

4. ദ്രോഹിപ്പോൻ സഹജരെ കൊലപാത
കിയവൻ
വസിക്കില്ലവനിലായ് ദൈവത്തിൻ
ജീവൻ സത്യം

5. ദൃശ്യനാം സഹജനെ, സ്നേഹിക്കാതിരി
ക്കുന്നോൻ
എങ്ങനെയദൃശ്യനാം ദൈവത്തെ
സ്നേഹിച്ചിടും

6. നാവിനാൽ പോരാ വെറും വാക്കുകളാലുമല്ല
സ്നേഹിക്ക പ്രവൃത്തിയിൽ പൂർണ്ണമായ്
സത്യത്തിലും

7. നിങ്ങളെ സ്നേഹിച്ചോരേ നിങ്ങളും
സ്നേഹിച്ചെങ്കിൽ
എന്തു മേന്മയാണതിൻ പാപികൾ
ചെയ്യുന്നവ

8. ദൈവത്തെ സ്നേഹിപ്പവർ
സ്നേഹിക്കും തമ്മിൽ തമ്മിൽ
അഥവാ വ്യാജം ചൊല്ലും കൂട്ടരാണവർ ദൃഢം

## 142

ലൂക്ക 3/22. മത്ത. 5/14. യോ. 14/6
1 കൊറി. 13/12. 1 കൊറി. 12ഉം 14 ഉം
അദ്ധ്യാ.

ത്രിത്വൈക ദൈവമേ, തൃപ്പാദ പങ്കജേ
താണുവണങ്ങി നമിച്ചിടുന്നു
ദിവ്യ ഗുരുവാമെൻ യേശുവേ, രക്ഷകാ
പാവനാത്മാവേ സ്തുതിച്ചിടുന്നു
ത്രിത്വൈക......

വിജ്ഞാന വിത്തു മുളച്ചുവളരുവാൻ
വിജ്ഞാനദായകാ കാത്തിടേണം-വിജ്ഞാന...
വിശ്വാസ ദാനത്തിൽ ഉന്നതരാകേണം
വിശ്വത്തിൻ ദീപമായ് മേവിടേണം വിശ്വ...
ത്രിതൈക......
സത്യവും ജീവനും മാർഗ്ഗവുമായോനെ
സൽപ്പാദേ ഞങ്ങൾ ചരിച്ചിടേണം
സത്യസനാതന ദൈവമായങ്ങയെ
കാണുവാൻ കണ്ണു തുറന്നിടേണം

## 148

യോഹ. 14/6 1/14 1 യോ. 4/8,16
1 തെസ. 5/17 1 പത്രോ. 2/9 ഏശ.
49/15 16 യോ. 3/16 വെളി. 3/20

ഇത്രനാൾ ഞാൻ മറന്നസത്യമാണ് ദൈവം
ഇത്രനാൾ ഞാൻ മറന്ന സ്നേഹമാണ് ദൈവം
ഇത്ര......
ഇത്രനാൾ ഞാൻ മറന്ന വചനമാണ് ദൈവം
എത്ര വൈകി ദൈവമേ നിന്നെയറിയുവാൻ?
ഇത്ര......
മനമുയർത്തി സ്വരമുയർത്തി ഹല്ലേലുയ്യ
പാടിടാം
പാവനാത്മ നിറവിലെന്നും ഹല്ലേലുയ്യ
മന.....

ഇത്രനാരം നഷ്ടമായ നന്മയാണ് ദൈവം
ഇത്രനാരം ഞാൻവെടിഞ്ഞ മാർഗ്ഗമാണ് ദൈവം
ഇത്ര......
എൻെറ ഏകലക്ഷ്യമാണ്, ജീവനാണ്ദൈവം
എത്രവൈകി ദൈവമേ നിന്നെയറിയുവാൻ?
എൻെറ....
മനമുയ......
നിത്യമെന്നെ കാത്തിടുന്ന താതനാണു ദൈവം
നിത്യരക്ഷ നൽകിടുന്ന പുത്രനാണ് ദൈവം
നിത്യ...
ഹൃത്തിനുള്ളിൽ വസിച്ചിടും ആത്മനാണുദൈവം
എത്ര വൈകി.........
മനമുയ......

## 144

ദൈവ സന്നിധൗ ഞാൻ സ്തോത്രം പാടിടും
ദൈവം നൽകിയ നന്മകൾക്കായ്
ദൈവം ഏകീതൻ സുനുവേ പാപി എനിയ്ക്കായ്
ഹല്ലേലുയ്യാ ഗീതം പാടും ഞാൻ
പാടി സ്തുതിക്കും ഞാൻ പാടി സ്തുതിക്കും
സ്തോത്രഗീതം പാടി സ്തുതിക്കും

2 അന്ധകാരമെൻ അന്തരംഗത്തെ
ബന്ധനം ചെയ്തടിമയാക്കി
ബന്ധുരാഭനാം തൻ സ്വന്തപുത്രനാൽ
ബന്ധനങ്ങളഴിച്ചുവല്ലോ (2) പാടി

3 ശത്രുവാമെന്നെ പുത്രനാക്കുവാൻ
പുത്രനെ കുരിശിലേൽപ്പിച്ചു
പുത്രത്വം നൽകി ഹാ ! എത്ര സൗഭാഗ്യം
സ്തോത്രഗീതം പാടി സ്തുതിക്കും (2)

4 വിളിച്ചു എന്നെ വെളിച്ചമാക്കി
വിളിച്ചവനായി ശോഭിപ്പാൻ
ഒളി വിതറും നൽ തെളിവചനം
എളിയവനെങ്ങും ഘോഷിക്കും (2) പാടി

## 145

നിൻ ഗേഹത്തിൽ വാഴുന്നതിനോ
പാവനമാം നിൻ മാമലയിങ്കൽ
പാർക്കുന്നതിനോ യോഗ്യതയുള്ളോ
രെൻ കർത്താവേ ആരീഭൂവിൽ

വ്യാപാരത്തിൽ നിഷ്ക്കന്മഷനും
ന്യായം മാത്രം നോക്കുന്നവനും
സത്യം തന്നെ പറയുന്നവനും
വഞ്ചന നാവിൽ തീണ്ടാത്തവനും

നിസ്സാരതരം തിന്മകൾ പോലും
സ്നേഹിതനെതിരായ് ചെയ്യാത്തവനും
അയൽവാസികളെ ദ്രോഹിപ്പതിനായ്
കൈക്കൂലിയിന്നും വാങ്ങാത്തവനും

## 146

നിൻ സന്നിധി മതി, എന്നേശുവേ
നിൻ പ്രസാദം മതി ഇന്നെനിക്ക്
വൻ ദുഃഖങ്ങളിലും നിൻ സന്നിധി മതി
നിൻ കൃപാവരം മതി ഇന്നുമെന്നും

1 ഭൂമിയിളകിടിലും സമുദ്രം
ആർത്തു വന്നീടിലും ഭീതിയില്ല
തൃപ്പാദമേ ഗതി, നിൻ സന്നിധി മതി
നിൻ കൃപാവരം മതി ഇന്നുമെന്നും

2 ലോകത്തിലേകനായ്ത്തീരുകിലും
രോഗത്താൽ ബാധിതനായീടിലും
തൃപ്പാദമേ ഗതി, നിൻ സന്നിധി മതി
നിൻ കൃപാവരം മതി ഇന്നുമെന്നും

3 ആയിരമായിരം വൈരികളാൽ
ആവൃതനാകിലും ഞാൻ ഭ്രമിക്കാ
അന്നു നിൻ കൈമതി, നിൻ സന്നിധി
മതി
നിൻ കൃപാവരം മതി ഇന്നുമെന്നും

## 147

ആരതി ആരതി ആരാധന
ആത്മാവിൻ ക്ഷേത്രത്തിൽ ആരാധന

അജ്ഞലി അജ്ഞലി പ്രണവാർച്ചന
മാനസഭകോവിലിൽ ഹൃദയാർച്ചന

1 നിത്യമാം സത്യമേ ആത്മാർപ്പണം
ആത്മാർത്ഥമായുള്ള സ്നേഹാർപ്പണം
സ്നേഹത്തിൻ ത്യാഗത്തിൻ സാഗരം നീ
സർവ്വസാഹോദര്യ സംഗമം നീ
സംഗമം നീ - സംഗമം നീ

2 നിൻ രാജവീഥിയിൽ പുഷ്പാർച്ചന
സ്നേഹത്തിൻ തിരിയിട്ട ദീപാർച്ചന
നിൻതിരു മുമ്പിലെൻ സ്മരണപൂജ
തൃപ്പാദപദ്മത്തിൻ ശരണപൂജ
ശരണപൂജ – ശരണപൂജ

## 148

നന്ദി പറഞ്ഞു നമിക്കുന്നു, കനിവിയലും
സകലേശാ
സൃഷ്ടിച്ചു നീ ഞങ്ങളെയെല്ലാം അലിവൊടു
രക്ഷിച്ചു (2)
കാററും കടലും കാട്ടാറുകളും നിന്നെ നമിക്കുന്നു
മാനത്തുയരും പറവകളെല്ലാം നിൻ പുകഴ്
പാടുന്നു (2)
മഴയും മഞ്ഞും മാമല നിരയും നിന്നെ
വണങ്ങുന്നു
താരും തളിരും താരാഗണവും തംബുരു മീട്ടുന്നു.

**149**

ലോകം മുഴുവൻ സുവിശേഷത്തിൻ
ഗീതികഠം പാടാൻ
രക്ഷാവചനം പരത്തിടാൻ
തിരഞ്ഞെടുക്കപ്പെട്ടവർ നാം

(ലോകം...)

കർത്താവിന്നുടെ ആത്മാവാൽ
നവ്യമായ് പിറവിയെടുത്തവർ നാം (2)
സത്യം നമ്മെ സ്വതന്ത്രരാക്കും
നീതി നേർവഴി നടത്തീടും

(ലോകം...)

സ്നേഹം നട്ടൊരു പൂന്തോപ്പിൽ
വാടാമലരായ് തീരുക നാം
ഈശോ നമ്മുടെ നിറദീപം
വചനം നമ്മുടെഅഭിമാനം

(ലോകം...)

# ആരാധനാ സ്തുതി

1 ആരാധന, ആരാധന, ആരാധന യേശു
ആരാധന (2)

2 പാട്ടുപാടി സ്തുതിച്ചിടാം, സ്തോത്രമേകി
നമിച്ചിടാം
ആരാധന ഗാനം പാടിടാം

3 ആരാധന, ആരാധന ആരാധന
അങ്ങേയ്ക്കാരാധന

4 ഹൃദയം നിറയെ സ്നേഹവുമായ്
അധരം നിറയെ നന്ദിയുമായ്
സ്തുതിഗീതം പാടിടാം

5 എണ്ണിയാൽ തീരാത്ത നന്മകളാലെൻെറ
ഉള്ളം നിറച്ചതാം ദൈവപുത്ര
ഹാലേലൂയ്യ ഹാലേലൂയ്യ എന്നാത്മ
നാഥനു ഹാലേലൂയ്യ

6 ആരാധന സ്തോത്രം പാടിടുന്നു
എൻെറ നാഥനിന്നു ആരാധനാ സ്തോത്രം
പാടിടുന്നു

7 മന്നവനാം ക്രിസ്തു വിഭോ
നമിച്ചിടുന്നു നിന്നെ സ്തുതിച്ചിടുന്നു
സ്തുതികളിൽ വാഴും സ്വർഗ്ഗീയ രാജ
സ്തുതികളുയർത്തി നമിച്ചിടുന്നങ്ങേ

8 ആരാധന, ആരാധന
ആയിരമായിരം ആരാധന

9 ഹാലേലൂയ്യ (2)
ഓ എൻെറ ദൈവമേ ആരാധന

Printed at : Vimala Printing Press Thalassery

# വചന ഗാനങ്ങൾ



**നിർമ്മലാ റിട്രീററ് സെൻറർ**
കുളത്തുവയൽ
കായണ്ണ–673 526
ചക്കിട്ടപ്പാറ, ഫോൺ- 04961-62228

Indic Digital Archive Foundation
gpura.org